# അടിസ്ഥാനപാഠാവലി



# മലയാളം

## സ്റ്റാൻഡേർഡ് V

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്


തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-257-1-MALAYALAM (BT)-5

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

അടിസ്ഥാനപാഠാവലി

5

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2024
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

പുതുവിഭവങ്ങളും പുത്തൻ പ്രവർത്തനങ്ങളുമായി മലയാള പാഠപുസ്തകം നിങ്ങളുടെ കൈയിലെത്തുകയാണ്. രസിച്ചു വായിക്കാനും എഴുതാനും മാത്രമല്ല പറയാനും ചൊല്ലാനും വരയ്ക്കാനും കളിക്കാനും അഭിനയിക്കാനുമുള്ള ഒട്ടേറെ അവസരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

മലയാളത്തിലെ മികച്ച എഴുത്തുകാരെയും പുസ്തകങ്ങളെയും പരിചയപ്പെടാനുള്ള ഒരു വഴിയായി ഈ പാഠപുസ്തകത്തെ പ്രയോജനപ്പെടുത്തുമല്ലോ.

പുസ്തകത്തിലെ ഉള്ളടക്കം വിശാലമായ ഭാഷാലോകത്തേക്കു പ്രവേശിക്കാനുള്ള ഒരു ചുവട് മാത്രമാണ്. തുടർവായനകളിലൂടെയും ഐ.സി.ടി.സാധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രാദേശിക വായനശാലകൾ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ചും വിദഗ്ധരുമായി ചർച്ച നടത്തിയും മാതൃഭാഷയുടെ സുന്ദരമായ തലങ്ങളിലേക്കെത്താം.

വായന പാഠപുസ്തകത്തിൽനിന്ന് മനുഷ്യജീവിതത്തിലേക്കും പ്രപഞ്ചത്തിലേക്കും ഒഴുകിപ്പരക്കട്ടെ. നിങ്ങളുടെ ഭാഷയ്ക്ക് അഴകും കരുത്തും വർധിക്കട്ടെ.

**ആശംസകളോടെ,**

**ഡോ. ജയപ്രകാശ് ആർ. കെ.**
**ഡയറക്ടർ**
**എസ്.സി.ഇ.ആർ.ടി., കേരളം**

# പാഠപുസ്തകരചന
## ശില്പശാലയിൽ പങ്കെടുത്തവർ

### അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

### ചെയർപേഴ്സൺ

**ഡോ. ലാലു വി.**
വകുപ്പദ്ധ്യക്ഷൻ, മലയാള വിഭാഗം,
ഗവ. കോളേജ്, കട്ടപ്പന.

### വിദഗ്ധർ

**ഡോ. അജയൻ പനയറ**
അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി
കോളേജ്, തിരുവനന്തപുരം

**ഡോ. അബ്ബാസ് അലി ടി. കെ.**
പ്രിൻസിപ്പൽ, ഡയറ്റ്
വയനാട്

**ഡോ. അർച്ചന എ. കെ.**
അസി. പ്രൊഫസർ, സി.എം.എസ്.
കോളേജ്, കോട്ടയം

**ഡോ. പ്രമീള പി. കെ.**
റിട്ട. പ്രിൻസിപ്പൽ, ഗവ. ടി.ടി.ഐ.
മലപ്പുറം

### അംഗങ്ങൾ

**പി. എം. നാരായണൻ**
റിട്ട. പ്രധാനാധ്യാപകൻ, കെ.എ.യു.പി. സ്കൂൾ,
എളമ്പുലാശ്ശേരി, പാലക്കാട്

**മനോഹരൻ കെ.**
റിട്ട. പ്രധാനാധ്യാപകൻ, എ.യു.പി. സ്കൂൾ
പുലാശ്ശേരിക്കര, പട്ടാമ്പി, പാലക്കാട്

**സുഭാഷ് വി.**
പ്രധാനാധ്യാപകൻ, ജി.എൽ.പി.എസ്.
ഇളമ്പ, തിരുവനന്തപുരം

**ഡോ. പി. കെ. ജയരാജൻ**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്.
ചെർക്കള സെൻട്രൽ, കാസറഗോഡ്

**രവി വി. വി.**
ജി.യു.പി.എസ്. കൂക്കാനം, കരിവെള്ളൂർ, കണ്ണൂർ

**ഡോ. ജയചന്ദ്രൻ കെ. എ.**
എച്ച്.എസ്.ടി., എ.വി.എച്ച്.എസ്., പൊന്നാനി

**കെ. വാസു**
പ്രധാനാധ്യാപകൻ, ജി.എം.യു.പി. സ്കൂൾ.
ചേന്ദമംഗലൂർ, കോഴിക്കോട്

**ഗീത എസ്.**
ശബരി എച്ച്.എസ്.എസ്. പള്ളിക്കുറുപ്പ്, പാലക്കാട്

**സിജാദു എ. യു.**
എസ്.കെ.വി.ജി.എച്ച്.എസ്.എസ്.
എറണാകുളം

**മഞ്ജുഷ പി.**
എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്. ആനമങ്ങാട്
മലപ്പുറം

**സുനിൽകുമാർ പി.**
പി.ഡി. ടീച്ചർ, ജി.എച്ച്.എസ്. മങ്കട, മലപ്പുറം

**രമേശ് എൻ.**
യു.പി.എസ്.ടി.ഒ.യു.പി.എസ്. പടിഞ്ഞാറ്റുമുറി
മലപ്പുറം

**പ്രവീൺ വർമ്മ എം. കെ.**
എച്ച്.എസ്.ടി, സെഡ്. എം.എച്ച്.എസ്.
പൂളമംഗലം, മലപ്പുറം

**ശ്രീജ പള്ളം**
ജി.എസ്.ബി.എസ്. പഴയലക്കിടി, പാലക്കാട്

**വിബിൻനാഥ് ടി. കെ.**
ശ്രീകൃഷ്ണപുരം ഹയർ സെക്കന്ററി സ്കൂൾ
പാലക്കാട്

**നിഷ രവീന്ദ്രൻ**
ആർട്ടിസ്റ്റ്, മഞ്ചേരി, മലപ്പുറം

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ഡോ. ശശി എം.ടി. റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.**

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1 **കളിയല്ല കളി**

റ്റോമോയിലെ കായികമേള................................ 8

കാട്ടിലെ കളികൾ............................................... 13

പന്തുകളിക്കാനൊരു പെൺകുട്ടി.................... 17

2 **കനിവായ് നിലാവായ്**

മുത്തശ്ശി ഒരു കഥ തുടങ്ങുന്നു.......................... 25

പരുക്കേറ്റ കുട്ടി.................................................... 32

നന്മപ്പൂക്കൾ......................................................... 36

3 **കനൽവഴിയിൽ കരുത്തോടെ**

ഒന്നല്ലൊരുകോടി മാവേലിമാർ.......................... 41

ഭൂമിക്കുവേണ്ടി...................................................... 43

എരിതീയിലുയിരോടെ......................................... 47

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

1

# കളിയല്ല കളി



ഒത്തിരിനാളത്തെ ആഗ്രഹമാണ് ഫുട്ബോൾകളി. അതും ആൺകുട്ടികളെ എതിർത്ത്. ഇതുവരെ കളിക്കാത്തതുകൊണ്ട് വെറുതേ ബോൾ തട്ടിക്കളയാം എന്നൊക്കെ വിചാരിച്ചു. പക്ഷേ, കളിതുടങ്ങിയതും ആൺകുട്ടികൾ കളി തുടങ്ങി. അപ്പോൾ മനസ്സിലായി ഇതത്ര എളുപ്പമൊന്നുമല്ലെന്ന്. ഞങ്ങളുടെ കളി കണ്ട് മാഷ് ഞങ്ങളോടൊപ്പം ചേർന്നു. മാഷൊരു അടിയങ്ങ് അടിച്ചുകൊടുത്തു. അപ്പോഴല്ലേ രസം! പന്തിനുപകരം മാഷിന്റെ ചെരുപ്പ് പോസ്റ്റിൽ അടിച്ച് ഗോളായി.

ഒരു കുട്ടിയുടെ കളിയനുഭവം വായിച്ചുവല്ലോ.

നിങ്ങളും ധാരാളം കളിക്കുന്നവരാണ്. വീട്ടിലും സ്കൂളിലും കൂട്ടുകാരോടൊത്ത് നിങ്ങൾ കളിക്കാറുണ്ട്. വീട്ടിൽ ഒറ്റയ്ക്കും ചില കളികൾ കളിച്ചിട്ടുണ്ടാവും. നിങ്ങളുടെ ഏതെങ്കിലും ഒരു കളിയനുഭവം പറഞ്ഞുനോക്കിയാലോ? എല്ലാവരും പറയണേ...

ഇനി നമുക്ക് ഒരു സ്കൂൾ കായികമേള പരിചയപ്പെടാം

# റ്റോമോയിലെ കായികമേള

മറ്റെന്തിനുമെന്നപോലെ റ്റോമോയിലെ കായികമേളയ്ക്കുമുണ്ടായിരുന്നു ഒരപൂർവത. ഇതര എലിമെന്ററി സ്കൂളുകളിലേതിനു തുല്യമായ രണ്ടേ രണ്ടു മത്സരയിനങ്ങൾ മാത്രം. വടംവലിയും മൂന്നുകാലിലോട്ടവും. മറ്റുള്ളവയെല്ലാം മാസ്റ്ററുടെ കണ്ടു പിടുത്തങ്ങളാണ്. വിപുലവും സൂക്ഷ്മവുമായ കായികസാമഗ്രികളൊന്നും ആവശ്യമില്ലാത്തവ. സ്കൂളിൽനിന്നുതന്നെ ലഭ്യമായ സാധാരണ സൗകര്യങ്ങളുടെ സഹായത്തോടെ രൂപപ്പെടുത്തിയ ഇനങ്ങൾ. ഉദാഹരണത്തിന് മീൻവായിലൂടെ യുള്ള ഓട്ടമെടുക്കാം.



മത്സ്യാകൃതിയിലുള്ള കുഴലിന്റെ രൂപത്തിൽ കട്ടിയേറിയ തുണികൊണ്ടു നിർമ്മിച്ച്, ചായം തേച്ചു മോടിപിടിപ്പിച്ച എടുപ്പുകൾ അക്കാലത്ത് സുലഭമാണ്. ഇവയെ സ്കൂൾമൈതാനത്തിന്റെ മധ്യത്തിലായി സ്ഥാപിക്കുന്നു. മണിയടി കേൾക്കുന്നതും കുട്ടികൾ ഈ 'കരിമീൻ എടുപ്പു'കളെ ലക്ഷ്യമാക്കി ഓട്ടം ആരംഭിക്കും. വായി ലൂടെ ഉള്ളിൽ പ്രവേശിച്ച് വാലറ്റത്തൂടെ തിരിച്ചിറങ്ങണം. തിരികെ സ്റ്റാർട്ടിങ്ങ് പോയിന്റി ലെത്തുമ്പോൾ 'മീൻവായിലൂടോട്ടം' അവസാനിക്കുന്നു. റ്റോമോയിൽ ആകെ മൂന്നു'മത്സ്യ'ങ്ങളേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് മൂന്നുപേർക്കു മാത്രമേ ഒരേ സമയം മത്സരത്തിൽ പങ്കെടുക്കാൻ കഴിയുമായിരുന്നുള്ളൂ.

സംഗതി ലളിതമാണെന്ന് ഒറ്റനോട്ടത്തിൽ തോന്നാം; പക്ഷേ, അത്ര എളുപ്പമുള്ളതല്ല. മത്സ്യത്തിന്റെ ഉദരം ദൈർഘ്യമേറിയതും ഇരുട്ടുനിറഞ്ഞതുമാണ്. ദിഗ്ഭ്രമം പിടിപെടാൻ അത്ര സമയമൊന്നും വേണ്ട. ടോട്ടോച്ചാൻ ഉൾപ്പെടെ പല കുട്ടികളും വഴിതെറ്റി മീനിന്റെ വായയിലൂടെത്തന്നെ പുറത്തിറങ്ങാൻ തുടങ്ങി. അബദ്ധം പിണഞ്ഞെന്ന് മനസ്സിലായപ്പോൾ തിരക്കിട്ട് വീണ്ടും ഉള്ളിലേക്കോടുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു. കാഴ്ചക്കാർക്ക് രസംപകരുന്ന ഇനമാണ് ഈ 'മീൻ വായിലൂടോട്ടം'. കുട്ടികൾ മുന്നിലേക്കും പിന്നിലേക്കും പരതിനടക്കുമ്പോൾ കരിമീൻതടിയൻ ജീവനുള്ളതുപോലെ അങ്ങോട്ടുമിങ്ങോട്ടും ഇളകിയാടാൻ തുടങ്ങും.

വടംവലി മത്സരത്തിൽ വടം ആഞ്ഞുവലിച്ച് "ഹേയ്..ഹോ.. ഹേയ് ഹോ..." എന്ന ആർപ്പുവിളിയുമായി കൊബായാഷി മാസ്റ്ററും മറ്റധ്യാപകരും കുട്ടികളോടൊപ്പം കൂടും. വടംവലിയിൽ പങ്കെടുക്കാനാവാത്ത യാസ്വാക്കിചാനെപ്പോലുള്ള കുട്ടികൾ മത്സരം നിയന്ത്രിക്കുന്ന ചുമതല ഏറ്റെടുക്കും. വിജയികളെ നിർണ്ണയിക്കാനായി അവർ വടത്തിന്റെ മധ്യത്തിലുള്ള കൈലേസിൽ കണ്ണുംനട്ട് അങ്ങനെ നില്ക്കും.



സ്കൂളിലെ മുഴുവൻ പേരും പങ്കെടുക്കുന്ന റിലേ ഓട്ടവും റ്റോമോയിൽ വ്യത്യസ്തമാണ്. ആരും ദീർഘദൂരം ഓടേണ്ടതില്ല. അസംബ്ലിഹാളിലേക്കു നയിക്കുന്ന അർധവൃത്താകാരമായ കോൺക്രീറ്റ് പടവുകളിലൂടെ മുകളിലേയ്ക്കും തിരിച്ച് താഴേയ്ക്കും ഓടിയാൽ ഒരാളുടെ ഊഴമവസാനിച്ചു. ഒറ്റനോട്ടത്തിൽ തികച്ചും നിസ്സാരമെന്നു തോന്നാം. പക്ഷേ, പടവുകൾ അസാധാരണമാംവിധം നേർത്തതും ഇടുങ്ങിയതുമാണ്. മാത്രമല്ല, ഓരോ കാൽവയ്പിലും ഒന്നിലേറെ പടികൾ ചാടിക്കടക്കാൻ

അനുവദിക്കപ്പെട്ടിട്ടില്ല. നീളക്കൂടുതലുള്ളവരോ മുറംപോലെ പരന്ന കാലുകളുള്ളവരോ ആണെങ്കിൽ വെള്ളംകുടിച്ചതുതന്നെ. വിശ്രമവേളകളിൽ, കുട്ടികൾ അശ്രദ്ധരായി ചാടിമറിഞ്ഞു നടക്കാറുള്ള സുപരിചിതമായ ആ പടവുകൾക്ക് കായികമേളയുടെയന്ന് പ്രത്യേക പ്രാധാന്യം കൈവരുന്നു. ആകെ എട്ടാണ് പടവുകൾ. ആവേശം നിറഞ്ഞ ആർപ്പുവിളികളോടെ അവർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കും. അകലെനിന്നു നോക്കുന്ന ഒരാൾക്ക് പ്രതിരൂപങ്ങൾ കലങ്ങി മറിയുന്ന ഒരു കാലിഡോസ്കോപ്പിലെന്നപോലെയാണ് ആ മനോഹരദൃശ്യം അനുഭവപ്പെടുക.

ടോട്ടോച്ചാന്റെയും ഒന്നാംതരത്തിലെ മറ്റു കൂട്ടുകാരുടെയും പ്രഥമ കായികമേള യായിരുന്നു അത്. മാസ്റ്റർ പ്രതീക്ഷിച്ചതുപോലെത്തന്നെ അവർക്കത് ആസ്വാദ്യ കരമായിത്തീരുകയും ചെയ്തു. കായികമേളയിൽ ഏവരേയും അതിശയിപ്പിക്കുന്ന ചിലത് സംഭവിച്ചു. ഇത്തിരിയോളംപോന്ന കൈകാലുകളുടെ ഉടമയായ തകാഹാഷി എല്ലാ ഇനത്തിലും ഒന്നാമതെത്തി. അത് അവിശ്വസനീയമായിരുന്നു. മറ്റുള്ളവർ കരിമീൻതടിയന്റെ വയറ്റിൽക്കിടന്നു നട്ടംതിരിയുമ്പോൾ തകാഹാഷി നൊടിനേരം കൊണ്ട് പുറത്തെത്തുകയായി. കൂടെയുള്ളവർ ഏണിപ്പലകകൾക്കിടയിലെ നൂഴ്ന്നുകയറ്റം ആരംഭിച്ചതേയുള്ളു. അവനതാ തിരിച്ചിറങ്ങി, ഏതാനും വാര പിന്നി ട്ടുകഴിഞ്ഞിരിക്കുന്നു. അസംബ്ലിമന്ദിരത്തിന്റെ പടവുകളിൽ റിലേ ഓട്ടക്കാർ ഓരോചുവടിൽ ഓരോപടി എന്ന നിയമം പാലിക്കാൻ പാടുപെടുകയായിരുന്നു. തന്റെ കുരുടിച്ച കാലുകൾ ഒരു കുതിരയെപ്പോലെ മുന്നോട്ടു ചലിപ്പിച്ചു കൊണ്ട് മിന്നൽവേഗത്തിൽ തകാഹാഷി അവരെക്കടന്നു മുകളിലേക്കു പോയി.

"ഈ തകാഹാഷിയെ ഒന്നു തോല്പിക്കാൻ ഞങ്ങള് നന്നേ നോക്കീ ട്ടോ.. ങ്ഹൂം.. പറ്റീല്ല്യ." ഏവർക്കും ഒരേ അഭിപ്രായമായിരുന്നു.

അവനെ തോല്പിക്കാനുള്ള വാശിയോടെ മറ്റു കുട്ടികൾ അവരുടെ കഴിവിന്റെ പരമാവധി അധ്വാനിച്ചു. അധ്വാനം മിച്ചം! ഓരോ തവണയും വിജയം അവനുതന്നെ. ടോട്ടോച്ചാനും കഠിനമായി ശ്രമിക്കാതിരുന്നില്ല. പക്ഷേ അവൾക്കൊരിക്കലും അവനെ പരാജയപ്പെടുത്താനായില്ല. വെറുതെ നീട്ടിപ്പിടിച്ചുള്ള ഓട്ടമായിരുന്നെങ്കിൽ അവനെ പിന്നിലാക്കാൻ അവർക്കൊക്കെ കഴിയും. പക്ഷേ കടമ്പകൾ കടക്കേണ്ട ഒരിനത്തിൽ അവർ അടിയറവ് പറയുകയേ നിവൃത്തിയുള്ളൂ.



ഒരു വീരനായകന്റെ അഭിമാനത്തോടെയും സന്തോഷത്തോടെയുമാണ് തകാഹാഷി സമ്മാനങ്ങൾ സ്വീകരിക്കാനെത്തിയത്. എല്ലാറ്റിനും ഒന്നാമനായതിനാൽ ഒന്നിനു പിന്നാലെ ഒന്നായി സമ്മാനം വാങ്ങിക്കൊണ്ടിരുന്ന അവനെ മറ്റു കുട്ടികൾ അസൂയയോടെ നോക്കി.

സമ്മാനവിതരണത്തിലുമുണ്ട് മാസ്റ്ററുടേതായ സവിശേഷരീതികൾ. ഒന്നാം സമ്മാനം ഒരു തടിയൻ നാട്ടുചേന, അല്ലെങ്കിൽ മത്തങ്ങ. രണ്ടാം സമ്മാനം രണ്ട് ഉരുളക്കിഴങ്ങ്. മൂന്നാം സമ്മാനം ഒരുപിടി ചീര – ഇങ്ങനെയൊക്കെയാണ്. ഒരുപക്ഷേ ആർക്കറിയാം, തകാഹാഷിയുടെ വിജയത്തിന് വേണ്ടിത്തന്നെ അദ്ദേഹം കണ്ടുപിടിച്ചവയാവാം റ്റോമോശൈലിയിലുള്ള ആ പ്രത്യേക ഇനങ്ങൾ.

**ടോട്ടോച്ചാൻ-**
**ജനാലയ്ക്കരികിലെ വികൃതിക്കുട്ടി**

**തെത്സുകോ കുറോയാനഗി**
**വിവർത്തനം : അൻവർ അലി**

### വായിക്കാം കണ്ടെത്താം എഴുതാം

റ്റോമോസ്കൂളിലെ കായികമേളയുടെ സവിശേഷതകൾ കണ്ടെത്തി എഴുതൂ.

### റ്റോമോയിലെ രീതികൾ

'ഓരോ കുട്ടിയേയും പരിഗണിച്ചായിരുന്നു റ്റോമോയിലെ കായികമേള.'

എങ്ങനെയൊക്കെയാണ് കൊബായാഷിമാസ്റ്റർ ഓരോരുത്തരെയും പരിഗണിച്ചിരുന്നത്? കൊബായാഷിമാസ്റ്ററുടെ ഈ സവിശേഷരീതിയെക്കുറിച്ച് ചർച്ച ചെയ്യൂ. നിങ്ങളുടെ കണ്ടെത്തലുകളെല്ലാം ചേർത്ത് കുറിപ്പ് തയ്യാറാക്കുമല്ലോ.

### രസികൻ പ്രയോഗങ്ങൾ

പാഠം വായിച്ചപ്പോൾ രസകരമായ ചില വാക്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ?

<u>മിന്നൽവേഗത്തിൽ</u> തകാഹാഷി അവരെ കടന്നു മുകളിലേക്ക് പോയി.

ഇവിടെ അടിവരയിട്ട ഭാഗം നോക്കൂ.

വളരെ  പെട്ടെന്ന് എന്നു പറയാനാണ് മിന്നൽവേഗത്തിൽ എന്നു പ്രയോഗിച്ചിരിക്കുന്നത്.

ഒരു വാക്യംകൂടി.

കരിമീൻതടിയൻ ജീവനുള്ളതുപോലെ അങ്ങോട്ടുമിങ്ങോട്ടും <u>ഇളകിയാടാൻ</u> തുടങ്ങും.

സാധാരണ പറയുന്ന രീതിയിലല്ലാതെ, ഇതുപോലെ  കാര്യങ്ങൾ അവതരിപ്പിക്കുന്ന ധാരാളം വാക്യങ്ങൾ ഈ പാഠത്തിലുണ്ട്. അവ കണ്ടെത്തിയെഴുതൂ.

### ചേരുമ്പോഴും പിരിയുമ്പോഴും

'ഒരപൂർവത' എന്ന വാക്ക് നോക്കൂ. ഒരു, അപൂർവത എന്നീ രണ്ടു പദങ്ങൾ ചേർന്നിരിക്കുന്നു.

ഇങ്ങനെ രണ്ടു വാക്കുകൾ ചേർത്ത് ഒറ്റവാക്കാക്കി എഴുതിയ മറ്റു പദങ്ങൾ പാഠത്തിൽനിന്ന് കണ്ടെത്തൂ. അവയെ മുകളിൽ കൊടുത്ത രീതിയിൽ വെവ്വേറെ വാക്കുകളാക്കി എഴുതുകയും വേണം.

### മത്സരങ്ങളല്ലാത്ത കളികൾ

റ്റോമോയിലും നമ്മുടെ സ്കൂളുകളിലും നടക്കുന്ന കായികമേളകളും മറ്റു പല കളികളും മത്സരങ്ങളാണ്. അവയിൽ ജയവും തോൽവിയുമുണ്ട്.

നിങ്ങൾ ജയവും തോൽവിയും ഇല്ലാത്ത കളികൾ കളിക്കാറുണ്ടോ?

*അങ്ങനെയുള്ള ചില കളിയനുഭവങ്ങൾ പരിചയപ്പെടാം.*

ഈ കവിതാഭാഗം വായിക്കൂ...

# കാട്ടിലെ കളികൾ



കന്നു മേച്ചിങ്ങനെ നിന്നു വിളങ്ങിന
നന്ദതനൂജൻ താനന്നൊരു നാൾ
കാനനം തന്നിലേ പോയിട്ടു വേണമേ
ഭോജനമിന്നെനിക്കെന്നു നണ്ണി
കാലത്തുണർന്നുടൻ ബാലകന്മാരെയും
മേളത്തിൽനിന്നു വിളിച്ചുണർത്തി

'കാനനം തന്നിൽച്ചെന്നാനന്ദമായ് നിന്നു
വേണമിന്നൂണെ'ല്ലാമെന്നു ചൊല്ലി
താനങ്ങു തന്നുടെ കന്നുകൾ പിന്നാലെ
കാനനം നോക്കി നടന്നാൻ പിന്നെ.

എന്നതു കേട്ടൊരു ചങ്ങാതിമാരെല്ലാ-
മങ്ങനെ വേണുന്നൂതെന്നു ചൊല്ലി
ബാലകന്മാർക്കുള്ള ലീലകളെക്കൊണ്ടു
ചാലെക്കളിച്ചു നടന്നാർ പിന്നെ.

കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാർ
കോകിലം പാടുമ്പോൾ പാടുകയും
പക്ഷികൾ പാറുമ്പോൾ ഛായ പിടിപ്പാനാ-
യാക്കമേയെല്ലാരുമോടിയോടി;



അന്നങ്ങൾപോലെ നടന്നതിൻ പിന്നാലെ
അന്നലെപ്പോലെ കരഞ്ഞു പിന്നെ
തൻനിഴൽ തന്നൊടും മാറ്റൊലി തന്നൊടും
നിന്നു കളിക്കയും പേശുകയും;
വാനരം പാഞ്ഞു മരങ്ങളിലേറുമ്പോൾ
വാലേപ്പിടിച്ചു വലിച്ചും പിന്നെ
പുണ്യങ്ങൾ ചെയ്തുള്ള പൈതങ്ങളിങ്ങനെ
കണ്ണനുമായിക്കളിക്കും നേരം
കംസന്റെ ചൊല്ലാലേ വന്നൊരു ദാനവൻ
ഹംസങ്ങൾ ചാരത്തു കാകൻപോലെ.

കൃഷ്ണഗാഥ ചെറുശ്ശേരി

**ഒന്നിച്ചുചൊല്ലാം കേൾക്കാം രസിക്കാം**

'കാട്ടിലെ കളികൾ' എന്ന കവിത ചെറുഗ്രൂപ്പുകളായിത്തിരിഞ്ഞ് ചൊല്ലിനോക്കൂ. സമാനമായ ഒരു കവിതാഭാഗം താഴെ കൊടുത്തിട്ടുണ്ട്. രണ്ടും ഒരേ ഈണത്തിൽ ചൊല്ലാൻ കഴിയുന്നുണ്ടോ?



മുറ്റത്തുലാത്തുമ്പോളെൻമുന്നിലായൊരു
പക്ഷിതൻ തൂവൽ പറന്നുവീണു
കാറ്റിന്നലകളിലാലോലമാടിയാ-
ക്കാണാക്കിളിതൻ കിളുന്നുതൂവൽ
താണുതാണങ്ങനെ പാറിവീണൂ മെല്ലെ
ഞാനതെടുത്തു തലോടിനിന്നൂ...
പൂവുപോൽ പൂവിളംപട്ടുപോലുള്ളൊരാ-
ത്തൂവലിൽത്തന്നെ ഞാൻ നോക്കിനിന്നു.
ഏതു കിളിതൻ ചിറകൊളിയിൽനിന്നു-
മേതുമീ തുള്ളിയിങ്ങിറ്റുവീണു?

**ഒ.എൻ.വി.**

ഇതേ ഈണത്തിലുള്ള കവിതാഭാഗങ്ങൾ ക്ലാസ് ലൈബ്രറിയിൽ നിന്നും കണ്ടെത്തി നോട്ട് ബുക്കിൽ എഴുതൂ.

### പദങ്ങളന്വേഷിച്ച്

കാട്ടിലെ കളികൾ എന്ന കവിതയിൽ നിങ്ങൾക്കറിയാത്ത പദങ്ങൾ ഏതെല്ലാമാണ്? അവയിൽ നമ്മൾ സാധാരണ ഉപയോഗിക്കാത്ത പദങ്ങളുമുണ്ടാവും. അത്തരം പദങ്ങൾ കണ്ടെത്തൂ.

നിഘണ്ടു ഉപയോഗിച്ച് അവയുടെ അർഥം കണ്ടെത്തി എഴുതുമല്ലോ.

### താരതമ്യം ചെയ്യാം

കാട്ടിൽ പോയ കണ്ണനും കൂട്ടുകാരും അവിടെ ഏതെല്ലാം കളികളിലാണ് ഏർപ്പെട്ടത്?

നിങ്ങൾ കളിക്കുന്ന കളികളുമായുള്ള സാമ്യവ്യത്യാസങ്ങൾ ചർച്ചചെയ്യൂ.

താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

### കളിയഴക് വരിയഴക്

“കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാർ
കോകിലം പാടുമ്പോൾ പാടുകയും.”

മുകളിൽ കൊടുത്ത വരികൾ വീണ്ടും വായിക്കൂ.

എന്തെല്ലാം കാഴ്ചകളാണ് നിങ്ങൾ കണ്ടത്?

ഇതുപോലെയുള്ള കൂടുതൽ സന്ദർഭങ്ങൾ കവിതയിൽനിന്നു കണ്ടെത്തുക.

ഇവ നമുക്ക് ക്ലാസിൽ എങ്ങനെയെല്ലാം അവതരിപ്പിക്കാം?

ചിത്രം, അഭിനയം, നൃത്തം... ഇനിയെന്തെല്ലാം?

ടീച്ചറുടെ സഹായത്തോടെ നിങ്ങളുടെ അവതരണങ്ങൾ വീഡിയോ ചെയ്ത് ക്ലാസിൽ പ്രദർശിപ്പിക്കാം.

### എന്റെ കളിമോഹങ്ങൾ

നിങ്ങൾ ആഗ്രഹിച്ചിട്ടും കളിക്കാൻ കഴിയാത്ത കളികളുണ്ടോ? ഏതെല്ലാം? എന്തുകൊണ്ടാവും അതിനു കഴിയാത്തത്?

നിങ്ങളുടെ കണ്ടെത്തലുകൾ ഓരോരുത്തരായി ക്ലാസിൽ പറഞ്ഞവതരിപ്പിക്കൂ.

‘എന്റെ കളിമോഹങ്ങൾ’ എന്ന ഒരു കുറിപ്പായി എഴുതൂ.

ഒരു പെൺകുട്ടിയുടെ കളിമോഹത്തിന്റെ കഥ വായിക്കാം.

# പന്തുകളിക്കാനൊരു പെൺകുട്ടി



ഒരു വൈകുന്നേരം വീടിനടുത്ത മൈതാനത്ത് ഫുട്ബോൾ കളിക്കാൻ പോയപ്പോൾ അവിടെ പ്രകാശനുണ്ടായിരുന്നു. സത്യത്തിൽ അവന്റെ നേതൃത്വത്തിലാ കളി. ഉള്ളതു പറയാമല്ലോ, നല്ല ഒന്നാന്തരംകളിക്കാരനാ അവൻ. ഓട്ടത്തിന് അസാധ്യവേഗത, കണക്കുകൂട്ടാൻ പറ്റാത്ത മുന്നേറ്റപാടവം. എന്നെ കണ്ടപാടേ അവൻ പറഞ്ഞു. "മഞ്ഞക്കിളി ഗോളി നിന്നോ.."എല്ലാവരും അതു കേട്ട് പൊട്ടിച്ചിരിച്ചു. എനിക്ക് ഗോളി നിൽക്കാനായിരുന്നില്ല ഇഷ്ടം, കയറിക്കളിക്കാനായിരുന്നു. ഞാനുമൊരു ആൺകുട്ടിയല്ലേ? പക്ഷേ, മൈതാനത്ത് പ്രകാശൻ പറയുന്നതാണ് നിയമം. പിടിക്കാവുന്ന ഒന്നുരണ്ടു പന്തുകൾ ഞാൻ മനഃപൂർവം വിട്ടുകളഞ്ഞു.

അതോടെ അവൻ എന്റെ നേർക്കു തിരിഞ്ഞു.

"മഞ്ഞേ, നിന്റെ കൈയെന്താ, ഓട്ടക്കൈയാണോ?"

ഞാനതു കേട്ടതായി നടിച്ചില്ല. അടുത്ത പന്തും സ്വന്തം പോസ്റ്റിൽ കയറാൻ അനുവദിച്ചെന്നുമാത്രം. അങ്ങനെ ഒരു ലോകകപ്പിൽ ജർമനി ബ്രസീലിനെ പൊട്ടിച്ചതുപോലെ എതിർ ടീം ഞങ്ങളുടെ ടീമിനെ കൊട്ടയിൽ വാരി... ഹ..ഹ..!

പ്രകാശൻ കലിതുള്ളി. പിന്നെ ഒരിക്കലും പ്രകാശൻ എന്നെ അവന്റെ ടീമിലെടുത്തില്ല. എന്നെ കാണുമ്പോഴേ അവൻ അമറും. "മഞ്ഞക്കിളിയെ നിങ്ങളെടുത്തോ.." എന്നാൽ എതിർ ടീമിൽ കളിക്കുമ്പോൾ ഗോൾ വഴങ്ങാതിരിക്കാൻ ഞാൻ

പരമാവധി ശ്രമിച്ചു. പ്രത്യേകിച്ചും പ്രകാശന്റെ ഷോട്ടുകൾ ഗോളാവാതിരിക്കാൻ ജാഗരൂകനായി. അതു കണ്ടു പ്രകാശൻ പിന്നെയും കലിതുള്ളി.
"അപ്പൊ നിനക്ക് പന്തു പിടിക്കാനറിയാം."
ഞാനവന്റെ രോഷം കണ്ട് ഉള്ളിൽ ചിരിച്ചു.
അങ്ങനെയിരിക്കെയാണ് സുമംഗല ഞങ്ങളുടെ മൈതാനത്ത് എത്തുന്നത്. വന്ന പാടെ അവൾ ഒറ്റച്ചോദ്യം. "എന്നേംകൂടി കളിക്കാൻ കൂട്ട്വോ?"
പ്രകാശൻ മാത്രമല്ല, ഞാനും പൊട്ടിച്ചിരിച്ചു.
"പെൺകുട്ടികളെ ഫുട്ബോൾ കളിക്കാൻ കൂട്ടാനോ? അവർക്കു പറ്റിയ കളിയാണോ ഫുട്ബോൾ? നീ പോയി കഞ്ഞിയും കറിയും വെച്ചു കളിക്ക്." പ്രകാശൻ അതും പറഞ്ഞ് നിർത്താതെ ചിരിച്ചു.
ഞാനും ഒത്ത ഒരു ആൺകുട്ടിയായി നിന്ന് സുമംഗലയെ കളിയാക്കി.
സുമംഗലയുടെ അച്ഛൻ രത്നാകരൻ പഴയ ഫുട്ബോൾതാരമാണ്. കേരളത്തിനു വേണ്ടി കളിച്ചിട്ടുണ്ട്. പിന്നീട് പരിക്കുപറ്റി കളം വിടേണ്ടിവന്നു. ഇപ്പോൾ പശുവിനെ പോറ്റിയും പാൽ വിറ്റുമാണ് ജീവിതം. ഒഴിവുസമയങ്ങളിൽ മുറ്റത്ത് അച്ഛനോടൊപ്പം സുമംഗല പന്ത് തട്ടാറുണ്ട്. ഇപ്പോൾ അവൾക്ക് മൈതാനത്ത് കളിക്കാൻ മോഹം. 'അതിമോഹമാണ് മോളേ,' എന്ന് ഞങ്ങൾ ആൺകുട്ടികൾ അവൾക്കു മുന്നിൽ ആർത്തു. സങ്കടം തുളുമ്പിയ കണ്ണുകളോടെയാണ് സുമംഗല മൈതാനത്തുനിന്ന് പോയത്.



അന്നു രാത്രി ഞാൻ അമ്മയോട് ഇക്കാര്യമെല്ലാം പറഞ്ഞു. അമ്മ അപ്പോൾ എന്നോടു ചോദിച്ചു.
"പെൺകുട്ടികൾ ഫുട്ബോൾ കളിക്കാൻ പാടില്ലാന്ന് നിന്നോടാരാ പറഞ്ഞേ?"
ശേഷം അമ്മ ലാപ്ടോപ്പിൽ പഴയ ലോകകപ്പ് വനിതാഫുട്ബോൾ മത്സരങ്ങൾ കാണിച്ചുതന്നു. ഞാനവയെക്കുറിച്ച് വായിച്ചിട്ടുണ്ടെങ്കിലും വീഡിയോസ് കാണുന്നത് ആദ്യമായാണ്.
സ്ത്രീകളാണ് കളിക്കുന്നത് എന്ന് പലപ്പോഴും തോന്നുകയേ ഇല്ല. മൈതാനത്ത് പന്തും മത്സരവുമേ ഉള്ളു. എല്ലാം ഉശിരൻ കളികൾ. കൂട്ടത്തിൽ ബ്രസീലിന്റെ മാർത്ത എന്ന താരത്തിന്റെ പ്രകടനം കണ്ട് ഞാൻ അന്തംവിട്ടുപോയി. അസ്ത്രം പോലെയാണ് മാർത്ത പന്തുമായി കുതിക്കുന്നത്.



"ഇന്ത്യയിലും പെൺകുട്ടികൾക്ക് ടൂർണ മെന്റുകളുണ്ട്. കേരളം പല തവണ അതിൽ വിജയിച്ചിട്ടുമുണ്ട്. നിങ്ങളെപ്പോ ലുള്ള ആൺകുട്ടികളുണ്ടായാൽ ഭാവി യിൽ കേരളം ജയിക്കുമോ? എനിക്ക് സംശയമാ..." അമ്മ പറഞ്ഞു.
ഞാനൊന്നും മിണ്ടിയില്ല.
"ഒന്നും ആൺകുട്ടികളുടെ കുത്തകയല്ല. അങ്ങനെ ചിന്തിക്കുന്നത് നല്ല ആൺകുട്ടി കളുടെ ലക്ഷണവുമല്ല." അമ്മ പിന്നെയും പറഞ്ഞുകൊണ്ടിരുന്നു.
അമ്മ പത്രപ്രവർത്തകയാവാൻ തീരു മാനിച്ചപ്പോൾ പലരും ഇതുപോലുള്ള അഭിപ്രായങ്ങൾ പറഞ്ഞിരുന്നത്രേ. അമ്മ വകവച്ചില്ല. പത്രപ്രവർത്തനം സ്ത്രീകൾക്കും വഴങ്ങുമെന്ന് അമ്മ ഉറച്ചുനിന്നു. വിവാഹിതയായപ്പോൾ അച്ഛനും അമ്മയെ പിന്തുണച്ചു.
"അക്കാര്യത്തിൽമാത്രം എനിക്ക് നിന്നെക്കാൾ ഇഷ്ടം നിന്റെ അച്ഛനോടാ." അമ്മ ഉച്ചത്തിൽ ചിരിച്ചു.
പിന്നെ സുമംഗലയെ കാണുമ്പോഴെല്ലാം ഞാൻ വിചാരിക്കും, എന്റെ അമ്മ ആഗ്രഹിച്ചത് അമ്മ നേടിയെടുത്തു. സുമംഗലയ്ക്കും അതിനൊക്കെ കഴിയേണ്ടതാണ്. ചിലപ്പോൾ മാർത്തയെപ്പോലെ മിന്നൽവേഗത്തിൽ എതിർപോസ്റ്റിലേക്ക് കുതി ക്കുന്ന വലിയ താരമായി സുമംഗല വളർന്നാലോ... അങ്ങനെയാണെങ്കിൽ അമ്മ പറയുംപോലെ ഞങ്ങൾ അക്രമമാണ് കാട്ടിക്കൂട്ടുന്നത്. അതല്ല, സുമംഗല മാർത്തയെപ്പോലെ വളർന്നില്ലെങ്കിലും അവൾക്ക് ഇഷ്ടപ്പെട്ട കളിയിലേർപ്പെടാൻ അവകാശമുണ്ട്. അവളും ഞങ്ങളെപ്പോലെ ഒരു കുട്ടിയാണ്. അമ്മ പറഞ്ഞ തിന്റെ ശരിയായ അർത്ഥം അതാണെന്നു തോന്നുന്നു. എന്തോ, ആർക്കറിയാം...

എന്തായാലും സുമംഗല പെട്ടെന്ന് തോറ്റുപിന്മാറുന്ന ആളല്ല എന്ന് ഞങ്ങൾക്കു ബോധ്യമായി. പിറ്റേന്നും അവൾ മൈതാനത്തെത്തി. പഴയ ചോദ്യം ആവർത്തിച്ചു. പ്രകാശൻ ഒരിക്കൽകൂടി ക്ഷുഭിതനായി... സുമംഗലയും വിടുന്നില്ല. ഇവരുടെ വഴക്ക് കാണുമ്പോൾ ഞാൻ സന്തോഷിക്കേണ്ടതാണ്. പക്ഷേ, എനിക്കന്ന് അത്ര സന്തോഷം വന്നില്ല.

**കലവൂർ രവികുമാർ**

### കഥ ഉറക്കെ വായിക്കാം

നാലോ അഞ്ചോ ഗ്രൂപ്പായി തിരിഞ്ഞ് ഗ്രൂപ്പിൽ ഓരോരുത്തരായി മാറി മാറി കഥ വായിച്ച് പൂർത്തിയാക്കൂ. തുടർന്ന് ഒരു ഗ്രൂപ്പിൽനിന്ന് ഒരു കുട്ടി, അടുത്ത ഗ്രൂപ്പിൽനിന്ന് മറ്റൊരു കുട്ടി എന്ന ക്രമത്തിൽ എല്ലാ ഗ്രൂപ്പും ചേർന്ന് ക്ലാസിൽ പൊതുവായി കഥ വായിക്കണം.

വായന കൂടുതൽ നന്നാവാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് പറയൂ.

### രസകരമായ പ്രയോഗങ്ങൾ

'മഞ്ഞേ, നിന്റെ കൈയെന്താ, ഓട്ടക്കൈയാണോ?'

ശരിക്കും മഞ്ഞയുടെ കൈയിൽ ഓട്ടയുണ്ടോ? എന്നിട്ടും പ്രകാശൻ ഇങ്ങനെ പറഞ്ഞതിന് കാരണമെന്തായിരിക്കും?

ചർച്ച ചെയ്യൂ. ഇത്തരം വാക്യങ്ങൾ കഥയിൽ ഇനിയും ഒളിച്ചിരിപ്പുണ്ടോ? കണ്ടെത്തുക.

### മകനോട്

"ഒന്നും ആൺകുട്ടികളുടെ കുത്തകയല്ല. അങ്ങനെ ചിന്തിക്കുന്നത് നല്ല ആൺകുട്ടികളുടെ ലക്ഷണവുമല്ല."

അമ്മയുടെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

നിങ്ങളുടെ അഭിപ്രായങ്ങൾ ഒരു കുറിപ്പായി എഴുതൂ.

### മഞ്ഞക്കിളിയുടെ ഡയറി

പുറത്ത് നല്ല മഴ പെയ്യുന്നുണ്ടായിരുന്നു. മഞ്ഞക്കിളി തിരിഞ്ഞും മറിഞ്ഞും കിടന്നു. അവന് ഉറക്കം വന്നതേയില്ല. അന്നത്തെ സംഭവങ്ങൾ ഓരോന്നായി അവന്റെ മനസ്സിൽ മിന്നിമറഞ്ഞു. അവൻ തന്റെ ഡയറി കൈയിലെടുത്ത് എഴുതാൻ തുടങ്ങി.

മഞ്ഞയുടെ അന്നത്തെ ഡയറിക്കുറിപ്പ് എങ്ങനെയായിരിക്കും? എഴുതിനോക്കൂ.

### നമ്മുടെ ക്ലാസ് കായികോത്സവം

റ്റോമോയിലെ കായികമേളയെക്കുറിച്ച് മനസ്സിലാക്കിയല്ലോ. എല്ലാവരെയും പങ്കെടുപ്പിച്ച് നമുക്കും ഒരു കായികമേള നടത്തിയാലോ?

എന്തെല്ലാം ഒരുക്കങ്ങൾ വേണം?

ഏതെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തണം?

എവിടെവച്ചു നടത്തണം?

ആവശ്യമായ പ്രചാരണം എങ്ങനെയെല്ലാം?

വിജയികൾക്ക് സമ്മാനങ്ങൾ വേണ്ടേ?

.....................................................................................

.....................................................................................

### നോട്ടീസ് തയ്യാറാക്കാം

നോട്ടീസിലെന്തെല്ലാം ഉൾപ്പെടണം?

### പോസ്റ്റർ നിർമ്മിക്കാം

പോസ്റ്ററിലെന്തെല്ലാം വേണം?

ഡിജിറ്റൽ പോസ്റ്ററും നിർമ്മിക്കാമല്ലോ.

ഗ്രൂപ്പുകളായി തിരിഞ്ഞ് നോട്ടീസും പോസ്റ്ററുകളും ഡിജിറ്റൽ പോസ്റ്ററുകളും തയ്യാറാക്കൂ.

അവ സ്കൂളിലും പുറത്തും ഉചിതമായ സ്ഥാനത്ത് പ്രദർശിപ്പിക്കണേ.

ക്ലാസിന്റെ വാട്സാപ് ഗ്രൂപ്പുകളിൽ ഡിജിറ്റൽ പോസ്റ്ററുകൾ പങ്കിടാം.

### ദൃക്സാക്ഷിവിവരണം

രണ്ടോ മൂന്നോ കുട്ടികൾ ചേർന്ന് കായികമേളയുടെ തത്സമയ വിവരണം നടത്തൂ. ഇത് റെക്കോഡ് ചെയ്ത് ക്ലാസിലെ എല്ലാ കുട്ടികൾക്കും കേൾക്കാനുള്ള അവസരവും വേണം.

## ഞങ്ങളുടെ രചനാശില്പശാല

കളി, സൗഹൃദം, സ്നേഹം എന്നിവ ആവിഷ്കരിക്കുന്ന കഥകളും കവിതകളും അനുഭവങ്ങളുമാണ് നിങ്ങൾ പഠിച്ചത്. ഇതേ ആശയങ്ങൾ കഥയായും കവിതയായും ചിത്രങ്ങളായും ആവിഷ്കരിക്കാൻ കഴിയില്ലേ?

ക്ലാസിലെല്ലാവരും പങ്കെടുക്കുന്ന ഒരു രചനാശില്പശാല നടത്താം.

തയ്യാറാക്കിയ രചനകൾ മെച്ചപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കണം.

## കളിപ്പതിപ്പ്

തുടക്കത്തിൽ നമ്മൾ പറഞ്ഞ കളിയനുഭവങ്ങൾ, വരച്ച ചിത്രങ്ങൾ, നിങ്ങളുടെ വിവിധ അവതരണങ്ങളുടെയും കായികമേളയുടെയും ഫോട്ടോകൾ, നോട്ടീസ്, വിവിധ പഠനപ്രവർത്തനങ്ങളിലുണ്ടായ കുറിപ്പുകൾ, രചനകൾ എന്നിവയെല്ലാം ചേർത്ത് ഒരു കളിപ്പതിപ്പ് തയ്യാറാക്കി സ്കൂൾ അസംബ്ലിയിൽ പ്രകാശനം ചെയ്യുമല്ലോ.

## വായനശാല സന്ദർശിക്കാം

അടുത്തുള്ള വായനശാല സന്ദർശിച്ച് കുട്ടികളുമായി ബന്ധപ്പെട്ട മാസികകളും പുസ്തകങ്ങളും കണ്ടെത്തി വായിക്കൂ...

## പദപരിചയം

| | | |
|---|---|---|
| അടിയറവ് | - | തോൽവി |
| അന്നങ്ങൾ | - | അരയന്നങ്ങൾ |
| അന്നൽ | - | അരയന്നം |
| അപൂർവത | - | മുമ്പില്ലാത്ത സ്ഥിതി, അസാധാരണത്വം |
| അർദ്ധവൃത്താകാരം | - | പകുതി വൃത്തത്തിന്റെ ആകൃതി |
| അല | - | ഓളം |
| അവിശ്വസനീയം | - | വിശ്വസിക്കാൻ കഴിയാത്തത് |
| ആക്കം | - | ശക്തി |
| ആർക്കുക | - | വിളിച്ചുകൂവുക |
| ആസ്വാദ്യകരം | - | ആസ്വദിക്കാവുന്നത് |
| ഇതരം | - | മറ്റുള്ള |
| ഉദരം | - | വയർ |
| ഉലാത്തുക | - | അങ്ങോട്ടുമിങ്ങോട്ടും വെറുതെ നടക്കുക |
| ഊഴം | - | അവസരം |
| എടുപ്പ് | - | ഉയരമുള്ള കെട്ടിടം |
| എലിമെന്ററി | - | പ്രൈമറി |
| കന്നുകൾ | - | കന്നുകാലികൾ |
| കാകൻ | - | കാക്ക |
| കാനനം | - | കാട്, വനം |
| കിളുന്ന് | - | ഇളയത് |
| കുത്തക | - | പൂർണ്ണാവകാശം |
| കുരുടിച്ച | - | കുറുകിയ, വളർച്ചയില്ലാത്ത |
| കേകി | - | മയിൽ, മയൂരം |
| കൈലേസ് | - | തൂവാല, ടൗവൽ |
| കോകിലം | - | കുയിൽ |
| ക്ഷുഭിതൻ | - | കോപിച്ചവൻ |
| ചാലെ | - | നന്നായി |
| ചിറകൊളി | - | ചിറകിന്റെ ഭംഗി |
| ഛായ | - | നിഴൽ |
| ജാഗരൂകൻ | - | ഉണർന്നിരിക്കുന്നവൻ, ജാഗ്രതയുള്ളവൻ |
| ടൂർണമെന്റ് | - | മത്സരക്കളി |
| ദാനവൻ | - | അസുരൻ |
| ദിഗ്ഭ്രമം | - | ദിക്കുകൾ തിരിച്ചറിയാത്ത അവസ്ഥ |

| | | |
|---|---|---|
| ദൃശ്യം | - | കാഴ്ച |
| ദൈർഘ്യം | - | നീളം |
| ദ്രുതചലനം | - | വേഗത്തിലുള്ള ചലനം |
| നണ്ണി | - | കരുതി, വിചാരിച്ചു. |
| നന്ദതനൂജൻ | - | നന്ദന്റെ മകൻ (ശ്രീകൃഷ്ണൻ) |
| നിർണ്ണയിക്കുക | - | നിശ്ചയിക്കുക |
| നൂഴ്ന്നുകയറ്റം | - | കുനിഞ്ഞ് കയറൽ |
| നൊടിനേരം | - | അൽപസമയം |
| പരമാവധി | - | അങ്ങേയറ്റം |
| പാടവം | - | സാമർഥ്യം |
| പിണയുക | - | പറ്റുക, വന്നുചേരുക |
| പേശുക | - | പറയുക |
| പൈതങ്ങൾ | - | കുട്ടികൾ |
| പ്രതിരൂപങ്ങൾ | - | പ്രതിബിംബങ്ങൾ |
| പ്രഥമം | - | ആദ്യത്തേത് |
| ഭാജനം | - | പാത്രം |
| ഭോജനം | - | ഭക്ഷണം |
| മാറ്റൊലി | - | പ്രതിധ്വനി, മുഴക്കം |
| രോഷം | - | ദേഷ്യം, കോപം |
| ലീല | - | കളി |
| വഴങ്ങുക | - | കീഴ്പ്പെടുക |
| വാനരം | - | കുരങ്ങൻ |
| വിപുലം | - | വിസ്താരമുള്ള |
| സാമഗ്രി | - | സാധനം, ഉപകരണം |
| സുപരിചിതം | - | നന്നായി പരിചയമുള്ള |
| സുലഭം | - | ധാരാളമായി കിട്ടുന്നത് |
| സൂക്ഷ്മം | - | വളരെ ചെറുത് |
| ഹംസം | - | അരയന്നം |

2

# കനിവായ് നിലാവായ്



“അമ്മാ, ഇതു കണ്ടോ? നമ്മൾ പുതുതായി വാങ്ങി ഒട്ടിച്ച വാൾപേപ്പർ മുഴുവൻ വാവ ക്രയോൺസ് കൊണ്ട് കുത്തിവരച്ചു.”

ജോലി കഴിഞ്ഞ് എത്തിയ അമ്മയെ പടിക്കൽ തടഞ്ഞു നിർത്തി പരാതി പറയുകയായിരുന്നു മൂത്തകുട്ടി.

നോക്കുമ്പോൾ ചുമരിലാകെ പതിച്ച, ഭംഗിയുള്ള വാൾപേപ്പറിൽ നിറച്ചും പല നിറങ്ങൾകൊണ്ടുള്ള കുത്തിവരകളും എഴുത്തും. അമ്മയ്ക്ക് ദേഷ്യവും സങ്കടവും വന്നു. എന്നാലും അതിനിടയിൽ അമ്മ ഒരു കാര്യം ശ്രദ്ധിച്ചു.

പല വർണ്ണങ്ങൾകൊണ്ട് വാവ കോറിയിട്ടിരിക്കുന്നത് അമ്മ ഇങ്ങനെ വായിച്ചു.

അമ്മയെ എനിക്ക് ഇഷ്ടമാണ്.
അമ്മയെ എനിക്ക് ഇഷ്ടമാണ്.
അമ്മയെ എനിക്ക് ഇഷ്ടമാണ്.
.........................................................
അമ്മയുടെ കണ്ണുനിറഞ്ഞു.

മുകളിൽ ചേർത്ത അനുഭവം വായിച്ചല്ലോ.
അമ്മയുടെ കണ്ണുനിറയാനെന്താണ് കാരണം? പറഞ്ഞുനോക്കൂ.

ഇനി സ്നേഹത്തെപ്പറ്റിയുള്ള ഒരു കഥ വായിച്ചാലോ?

# മുത്തശ്ശി ഒരു കഥ തുടങ്ങുന്നു



ഉണ്ണിക്കണ്ണൻ ആടിനെ മേയ്ക്കുന്ന കുന്നിനെപ്പറ്റി ഒരു കഥയുണ്ട്.
ആ കഥ അവന്റെ മുത്തശ്ശി അവന് പറഞ്ഞുകൊടുത്തതാണ്. അവന് ഏഴോ എട്ടോ വയസ്സുണ്ടാവും. ഒരു ദിവസം രാത്രിയാണ് കഥ പറഞ്ഞത്. തിരുവാതിരക്കാലത്ത് നല്ല പാലുപോലുള്ള നിലാവിൽ കുട്ടികളും മുതിർന്നവരുമൊക്കെ ഊഞ്ഞാലാടുകയാണ്. അവർ പാട്ടുപാടുന്നുമുണ്ട്. കയറിൽ മുറുക്കിപ്പിടിച്ച്, കഴുത്ത് മുകളിലോട്ട് വളച്ച്, ആകാശത്തേക്ക് നോക്കി ഊഞ്ഞാലാടാൻ എന്തൊരു രസം! അരിപ്പയിലിട്ട് അപ്പത്തിന്റെ പൊടിതെള്ളുംപോലെ ആകാശം അപ്പോൾ അങ്ങോട്ടുമിങ്ങോട്ടും കുഴഞ്ഞുമറിയും. മരച്ചില്ലകളും ഇലകളും തലയ്ക്കു മുകളിൽ ആടിക്കൊണ്ടിരിക്കുന്ന ഒരു പന്തലാവും. അമ്പിളിയമ്മാവൻ ആ പന്തലിന്റെ പഴുതുകളിലൂടെ അവിടേയുമിവിടേയും വന്ന് എത്തിച്ചുനോക്കുന്നൊരു വികൃതിപ്പയ്യനാവും. ഹായ്! അതോർത്തപ്പോൾ ഉണ്ണിക്കണ്ണന് ഇരിക്കപ്പൊറുതിയില്ലാതായി.

“മുത്തശ്ശീ, നിക്കും വേണൊരു ഊഞ്ഞാൽ...” അവൻ ചിണുങ്ങിക്കൊണ്ട് പറഞ്ഞു. പല്ലു കൊഴിഞ്ഞ മുത്തശ്ശി അകത്തിരുന്ന് ജപിക്കുകയാണ്.
മുത്തശ്ശിക്ക് കാഴ്ച കുറവാണ്. ചെവിടൊരിത്തിരിയും കേൾക്കില്ല. ഉണ്ണിക്കണ്ണൻ നാമം ജപിക്കുന്ന മുത്തശ്ശിയുടെ അടുത്തുചെന്ന് കതിന പൊട്ടിച്ചു :
“മുത്തശ്ശീ, നിക്കും വേണൊരൂഞ്ഞാൽ...”
“അമ്മ വരുമ്പം കൊണ്ടോരും, മോനേ...” ഉണ്ണിക്കണ്ണൻ എന്തോ പറഞ്ഞെന്നല്ലാതെ, എന്തു പറഞ്ഞെന്ന് മനസ്സിലാവാത്ത മുത്തശ്ശി അവനെ സമാധാനിപ്പിക്കാൻ ഒരു മറുപടിയും പറഞ്ഞ് നാമജപം തുടർന്നു.
“അതല്ല മുത്തശ്ശീ..” അവന് കാര്യം മനസ്സിലായി. വീട്ടുവേല ചെയ്യാൻ പോയ അമ്മ തിരിച്ചു വരുമ്പോൾ ഇത്തിരി ചോറും തണുത്താറിയ കറിയും നനഞ്ഞ തൂവാലപോലത്തെ പപ്പടവും ഒക്കെ കൊണ്ടുവരും. അതാണ് മുത്തശ്ശി സൂചിപ്പിച്ചത്. അതുകേട്ടപ്പോൾ അവനു ചില കാര്യങ്ങൾ ഓർമ്മവന്നു.
വലിയ, ഓടിട്ടൊരു മാളികവീട്ടിലാണ് അമ്മയ്ക്ക് ജോലി. അമ്മയുടെകൂടെ ഒരു ദിവസം അവനാ വീട്ടിൽ പോയിട്ടുണ്ട്. എപ്പോഴും അടഞ്ഞുകിടക്കുന്ന ഇരുമ്പുഗേറ്റിന്റെ ഇരുവശങ്ങളിലും പല്ലിളിച്ചുകൊണ്ട് നിൽക്കുന്ന സിംഹപ്രതിമ കണ്ടപ്പോൾ അവന് പേടി തോന്നിയില്ല. അമ്മ കാണാതെ അവൻ വലിച്ചുനീട്ടി അതിനെ ഒന്നു കൊഞ്ഞനംകുത്തി.



അതിന്റെ മുഖം കണ്ടാൽ ആർക്കും അങ്ങനെ ചെയ്യാൻ തോന്നും. ഗേറ്റ് കടന്ന് അകത്ത് ചെന്നപ്പോൾ അവിടെ വലിയൊരു പൂന്തോട്ടം. എന്തൊക്കെ പൂക്കളാണതിൽ! ഉണ്ണിക്കണ്ണന് നോക്കിയിട്ടും നോക്കിയിട്ടും മതിവന്നില്ല. പുലരാൻകാലത്തെ പൂക്കൾക്ക് മണമോ ഭംഗിയോ ഏതാണ് കൂടുതൽ എന്ന് പറയാൻ ആർക്കും വയ്യ. അമ്മയുടെ വസ്ത്രത്തിൽ പിടിച്ച്, പൂക്കളുടെ ഭംഗി നോക്കിനോക്കി അവൻ മുന്നോട്ടു നടന്നു. പെട്ടെന്ന് ആ പൂന്തോപ്പിനകത്തുനിന്ന് ഒരു ശബ്ദം: "എന്തിനേ ഈ കുട്ടിയെ കൂട്ടിക്കൊണ്ടുവന്നത്? ജോലിക്ക് വരുമ്പോൾ കുട്ടികളെ കൊണ്ടുവരരുതെന്ന് പറഞ്ഞിട്ടില്ലേ?"



ഉണ്ണിക്കണ്ണൻ ആ ശബ്ദം കേട്ട സ്ഥലത്തേക്ക് സൂക്ഷിച്ചുനോക്കി. കഷണ്ടിത്തലയും നരച്ച കൺപുരികങ്ങളും ശുണ്ഠിപിടിച്ച മുഖവുമുള്ള ഒരു തടിച്ച മനുഷ്യൻ. അമ്മ മകനെ ഓരത്തു മാറ്റി നിർത്തി ആ മനുഷ്യനിൽനിന്ന് ഒളിപ്പിച്ചുകൊണ്ട് വേഗം നടന്നു. ആ വീട്ടിൽ അവൻ പിന്നീടൊരിക്കലും പോയിട്ടില്ല. എന്തുകൊണ്ടോ, അവിടെ പോകാൻ പറ്റില്ലെന്നൊരു തോന്നൽ. അവൻ പിന്നീട് പലതവണ അമ്മയോട് ചോദിച്ചിട്ടുണ്ട്, പൂന്തോപ്പിൽ രാക്ഷസനുണ്ടാവുമോ?

ആ വീട്ടിൽ നിന്നാണ് തണുത്താറിയ ചോറും കറികളും അമ്മ കൊണ്ടുവരുന്നത്. ചിലപ്പോൾ സന്ധ്യയ്ക്കു വരും. മറ്റു ചിലപ്പോൾ നല്ലോണം ഇരുട്ടിയിട്ടു വരും. അമ്മ അവൻ ഉറങ്ങിയിട്ടു വരുന്ന ദിവസവും കുറവല്ല. അവനുറങ്ങിയിട്ടാണ് അമ്മ വരുന്നതെങ്കിൽ വന്ന ഉടനെ വിളിച്ചുണർത്തും. വെള്ളമെടുത്ത് മുഖവും കണ്ണുമൊക്കെ നനയ്ക്കും. നല്ല ഉറക്കമുള്ളപ്പോൾ കണ്ണു നനയ്ക്കുന്നത് വലിയ ശല്യമാണ്. ഉറക്കം തൂങ്ങിക്കൊണ്ട് അവൻ ഭക്ഷണത്തിന് മുന്നിലിരിക്കും. അമ്മ ചോറു കുഴച്ച് വാരിക്കൊടുക്കും."എന്റെ മോൻ ഇത്തിരിക്കൂടി ഉണ്ടോളൂ.."
ഉറക്കംകൊണ്ട് നനഞ്ഞുതൂങ്ങുന്ന കൺപോളകളിൽ ഉമ്മവച്ചും ഇടതുകൈകൊണ്ട് വാത്സല്യപൂർവം പുറം തലോടിയും അമ്മ മകനെ ഊട്ടാൻ ശ്രമിക്കും.
ഉരുളകൾ ഓരോന്നായി വായിലേക്ക് കടക്കും. ചിലപ്പോൾ വായിൽ ഉരുള വച്ചുകൊണ്ടുതന്നെ അവനുറങ്ങിപ്പോകും. അമ്മ അവനെ പിടിച്ചുകുലുക്കും.



"മോനേ, ഉണ്ണീ, ഉണ്ണീ.." വിളി കേട്ട് ഞെട്ടി അവൻ വേഗത്തിൽ ചവയ്ക്കാൻ തുടങ്ങും. അമ്മ നേരത്തേ വരുന്ന ദിവസങ്ങളിൽ അവന് സന്തോഷമാണ്.

അവൻ ഓടി മുറ്റത്ത് ചെന്ന് കൈകൾ രണ്ടും പൊക്കിക്കൊണ്ട് പറയും: "എന്നെ എടുക്കൂ, അമ്മേ.."

"അയ്യയ്യേ, ന്റുണ്ണീ... നിനക്ക് കുറവില്ലേ? ഇത്ര പോന്നൊരു ചെറുവാല്യക്കാരനെ എടുത്തുകൊണ്ട് നടക്ക്വേ?" അമ്മ അവനെ കളിയാക്കും.

"കോലായിലോളം മതി." അവൻ അമ്മയെ തടുത്തിട്ട് പറയും. പിന്നെ അമ്മയ്ക്ക് ഒഴികഴിവൊന്നുമില്ല.

വലതുകൈയിലെ ചോറ്റുപാത്രം മുറുക്കിപ്പിടിച്ച് ഇടതുകൈകൊണ്ട് ഉണ്ണിക്കണ്ണനെ വാരി ഒക്കിൽ വയ്ക്കും. അപ്പോൾ അവന്റെ കാലുകൾ മുറ്റത്തെ മണ്ണിലൂടെ ഇഴയും. അവൻ ഒക്കിൽ പറ്റിപ്പിടിച്ചിരുന്നുകൊണ്ട് അമ്മയുടെ കഴുത്തിലും കവിളിലും മാറിമാറി ഉമ്മവയ്ക്കും. അമ്മയ്ക്കും മകനും ഒപ്പം കുളിരും. അവിടെയിരുന്നുകൊണ്ട് അവൻ പൂന്തോപ്പിലെ രാക്ഷസനെപ്പറ്റി ഒരു നൂറുചോദ്യം അമ്മയോടു ചോദിക്കും. പൂക്കൾ അവനിഷ്ടമാണ്, രാക്ഷസനെ വെറുപ്പും. എന്നാലും അവൻ ചോദിക്കുന്നതത്രയും രാക്ഷസനെപ്പറ്റിയായിരിക്കും. പൂക്കളെപ്പറ്റി അവനൊന്നും ചോദിക്കില്ല.

അവൻ ഓരോന്ന് ആലോചിച്ചുകൊണ്ടുനിൽക്കുമ്പോൾ നാമം ജപിച്ചുകഴിഞ്ഞ് മുത്തശ്ശി ചുറ്റുപാടും ഒന്നു തപ്പിനോക്കി. മെലിഞ്ഞ് കോലുപോലെ നീണ്ട

വിരലുകൾ ഉണ്ണിക്കണ്ണന്റെ ശരീരത്തിൽ തടഞ്ഞു. അവന് മുത്തശ്ശിയുടെ വിരലുകൾ ഇഷ്ടമല്ല. പക്ഷേ, മുത്തശ്ശിയെ ഇഷ്ടമാണ്. മുത്തശ്ശിയുടെ മുഖം ഇഷ്ടമാണ്. പല്ലുകൊഴിഞ്ഞ വായകൊണ്ട് മുത്തശ്ശി എത്ര ചുംബിച്ചാലും അവനൊരലോഗ്യമില്ല. ആ വിരലുകൾ അങ്ങനെയല്ല. തടവുമ്പോൾ അത് ശരീരത്തിൽ വല്ലാതെ തട്ടും. അതൊട്ടും സഹിക്കാൻ കഴിയില്ല.

പുരികങ്ങൾ മുഴുവൻ കൊഴിഞ്ഞുപോയ കൺപോളകൾക്കുള്ളിൽ വെള്ളനിറം കയറിയ കൃഷ്ണമണികളാണ് മുത്തശ്ശിക്കുള്ളത്. അതിനു ചന്തമില്ലെങ്കിലും അതിൽ നിറച്ചും സ്നേഹമാണുള്ളതെന്നും ഉണ്ണിക്കണ്ണനറിയാം. കൂന്നുകൂന്നാണ് മുത്തശ്ശി നടക്കുക. അതു മുത്തശ്ശിയല്ലെങ്കിൽ ഒച്ചയുണ്ടാക്കാതെ പിന്നിൽക്കൂടി ഓടിച്ചെന്ന് മുതുകത്ത് ചാടി വീണ് ആന കളിക്കാൻ നല്ല രസമായിരിക്കും. മുത്തശ്ശിയായതുകൊണ്ട് അത് വയ്യ. എന്നാലും മുത്തശ്ശി മുന്നിൽക്കൂടി കടന്നുപോകുമ്പോൾ പലവട്ടം അവനതാലോചിച്ച് നിന്നുപോയിട്ടുണ്ട്.

കൈവിരലുകൾ ഉണ്ണിക്കണ്ണന്റെ ശരീരത്തിൽ തടഞ്ഞപ്പോൾ മുത്തശ്ശി വിളിച്ചു ചോദിച്ചു:

"മോനേ, ഉണ്ണീ, നെനക്ക് വിശക്കുന്നുണ്ടോ?"

"അതല്ല മുത്തശ്ശീ", അവൻ കതിന പൊട്ടിച്ചു: "നിക്കൊരു ഊഞ്ഞാല് വേണം."



ഇത്തവണ കണക്കിനു പറ്റി. ഉണ്ണിക്കണ്ണന്റെ കതിനവെടി മുത്തശ്ശിയുടെ കാതിലെത്തി.

"ഊഞ്ഞാലോ, അതെന്തിനാ?"

"ആടാനാണ് മുത്തശ്ശീ, ആടിയാടി ആകാശത്തില് പൊങ്ങുമ്പോ വല്യേ മരത്തിന്റെ കൊമ്പ് തൊടണം. ഇലകൾ പറിച്ചെടുക്കണം. കാലിന്റെ തള്ളവിരലുകൊണ്ട് നക്ഷത്രങ്ങളെ തട്ടിത്തെറിപ്പിക്കണം."



അങ്ങനെ തന്റെ മോഹങ്ങൾ പലതും ഉണ്ണിക്കണ്ണൻ മുത്തശ്ശിയോട് പറഞ്ഞു. മുത്തശ്ശിയുടെ മെലിഞ്ഞു നീണ്ട കൈവിരലുകൾ അവന്റെ കൈത്തണ്ടയിൽ മുറുകെ ചേർന്നു. മുത്തശ്ശി അവനെ മടിയിലിരുത്തി മൂർദ്ധാവിൽ ചുംബിച്ചു. അല്പനേരത്തേക്ക് ലോകത്തിലെ എല്ലാ വൃത്തികേടുകളും അവൻ മറന്നു. മുത്തശ്ശിയുടെ ചുംബനത്തിന് ഒരു ഇളംചൂടാണ്. പാലപ്പൂവിന്റെ മിനുസവുമുണ്ട്. അധികനേരം അങ്ങനെ ചുംബിക്കാൻ സമ്മതിച്ചാൽ അവനുറങ്ങിപ്പോകും. ഉറങ്ങാനുള്ള എന്തോ മയക്കുവിദ്യയുണ്ട് മുത്തശ്ശിയുടെ ചുണ്ടിൽ. അവൻ വീണ്ടും തന്റെ അപേക്ഷ ആവർത്തിച്ചു, ഉറക്കെ : "മുത്തശ്ശീ, നിക്കൊരൂഞ്ഞാൽ..."

**രാക്ഷസന്റെ ചിരി** **തിക്കോടിയൻ**

### കഥയിലെ കൂട്ടുകാർ

കഥ വായിച്ചല്ലോ? ഇഷ്ടമായില്ലേ? ആരൊക്കെയാണ്?
വായിച്ചുമനസ്സിലാക്കിയ കാര്യങ്ങൾ ഓരോരുത്തരായി പറഞ്ഞോളൂ.
ഏതെങ്കിലും ഒരു കഥാപാത്രത്തെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കൂ.

### വാക്യങ്ങളിൽ തെളിയുന്ന ജീവിതം

"വീട്ടുവേല ചെയ്യാൻ പോയ അമ്മ തിരിച്ചു വരുമ്പോൾ ഇത്തിരി ചോറും തണുത്താറിയ കറിയും നനഞ്ഞ തൂവാലപോലത്തെ പപ്പടവും ഒക്കെ കൊണ്ടുവരും."
ഉണ്ണിക്കണ്ണന്റെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പെഴുതൂ.

### സ്നേഹാനുഭവം

ഉണ്ണിക്കണ്ണന് മുത്തശ്ശിയെ ഇഷ്ടമാണ്. മുത്തശ്ശിയുടെ മനസ്സു നിറയെ സ്നേഹമാണെന്നും ഉണ്ണിക്ക് അറിയാം. മറ്റൊരു കുട്ടി തന്റെ മുത്തശ്ശിയെ അവതരിപ്പിക്കുന്നതിങ്ങനെയാണ്...

## മുത്തശ്ശി

പക്ഷിക്കൂടാം കാതും വച്ച്
തുമ്പപ്പൂമുണ്ടുമുടുത്ത്
വെറ്റിലപാക്കും നൂറുമായി
ഉമ്മറവാതിലിലെത്തുന്നേരം
വായിൽനിന്നും തെച്ചിപ്പൂ
മനസ്സു നിറയെ മുല്ലപ്പൂ.

ഇത്തരത്തിൽ ഏതെങ്കിലും ഒരു സ്നേഹാനുഭവം നിങ്ങൾക്കും ഉണ്ടാവില്ലേ?
മുത്തശ്ശി, മാതാപിതാക്കൾ, അധ്യാപകർ, കൂട്ടുകാർ...
നിങ്ങളുടെ ഒരു സ്നേഹാനുഭവം എഴുതൂ. അതിന് യോജിച്ച പേരും നൽകുമല്ലോ.
എല്ലാവരുടെയും കുറിപ്പുകൾ ഒന്നിച്ചുചേർത്ത് ഒരു സ്നേഹപ്പതിപ്പുണ്ടാക്കണം.
പതിപ്പിനും വേണം നല്ലൊരു പേര്.
നിങ്ങളിലാരുടെയെങ്കിലും മുത്തശ്ശിയേയോ അമ്മയേയോ ക്ലാസിലേക്ക് ക്ഷണിച്ച് പതിപ്പ് പ്രകാശനം ചെയ്യുമല്ലോ.

### കഥ തുടരുന്നു

ഉണ്ണിക്കണ്ണന്റെ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു? ഊഞ്ഞാലിൽ കളിക്കാൻ, അല്ലേ?
ഊഞ്ഞാലിൽ കളിക്കുന്നതിനിടയിൽ അവൻ വീണുപോയി. അവനു പരുക്കു പറ്റി. പാവം, അവൻ കരഞ്ഞു. ആരാവും അവന്റെ അടുത്ത് ഓടിയെത്തുക? അമ്മ, കൂട്ടുകാർ, അച്ഛൻ... അവർ അവനോടെന്തുപറഞ്ഞിട്ടുണ്ടാവും?

ഈ കവിത വായിക്കാം...

# പരുക്കേറ്റ കുട്ടി



അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരൾ വാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ, വരുന്നു ഞാൻ.

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കുരുന്നുകൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറിവീണോമൽ-
ച്ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!



മറിച്ചിട്ടിപ്പടം മുകളിൽനിന്നയ്യോ!
മുറിച്ചിതേ പൊന്നിൻനിറുകയും
മുറിയിൽക്കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

കരുതേണ്ട തല്ലുമിതിനായ് ഞാനെന്നു
കരയേണ്ട, നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ.

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.

പുഷ്പവാടി

കുമാരനാശാൻ

### ഈണത്തിൽ താളത്തിൽ

കവിത മൗനമായി വായിക്കൂ. അതിനു ശേഷം ചെറിയ ഗ്രൂപ്പുകളിൽ കവിതയ്ക്ക് യോജിച്ച ഈണം കണ്ടെത്തി ചൊല്ലണം. തുടർന്ന് ഓരോരുത്തരായും ചൊല്ലാം.

### പുതിയ പദങ്ങൾ

കവിത ചൊല്ലുമ്പോൾ ചില പുതിയ വാക്കുകൾ കണ്ടെത്തിയോ?

പുസ്തകത്തിലെ പദപരിചയം നോക്കിയും ടീച്ചറോട് ചോദിച്ചും അവയുടെ അർഥം മനസ്സിലാക്കി നോട്ടുപുസ്തകത്തിലെഴുതണം.

### കവിതയിലെ അമ്മയും കുട്ടിയും

കുട്ടിക്ക് പരുക്കുണ്ടാവാൻ എന്തെല്ലാം കാരണങ്ങളുണ്ട്?

അമ്മ കുട്ടിയെ സമാധാനിപ്പിക്കുന്നതെങ്ങനെ?

കരയുന്ന കുട്ടി ചിരിക്കാൻ തുടങ്ങിയതെപ്പോഴാണ്?

ഗ്രൂപ്പുകളായിരുന്ന് കവിത വായിച്ച് ഈ കാര്യങ്ങൾ കണ്ടെത്തൂ. ക്ലാസിൽ പൊതുവായി അവതരിപ്പിക്കൂ.

### വാക്കുകൾകൊണ്ടുള്ള ചിത്രം

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.

വേദനിച്ചു കരയുന്ന കുട്ടി, കുട്ടിയുടെ അടുത്തെത്തുന്ന അമ്മ, അമ്മയുടെ ആശ്വസിപ്പിക്കൽ, കുട്ടിയുടെ ഭാവമാറ്റം - ഇക്കാര്യങ്ങളെല്ലാം ഈ നാലുവരികളിലുണ്ട്. ഇതിൽ അമ്മ കുഞ്ഞിനെ ആശ്വസിപ്പിക്കുമ്പോൾ കുട്ടിയിലുണ്ടാകുന്ന ഭാവമാറ്റം എത്ര മനോഹരമായിട്ടാണ് കവി ആവിഷ്കരിച്ചിരിക്കുന്നത്! വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ആസ്വാദനമെഴുതാം

ചുവടെ കൊടുത്ത മനോപടം നോട്ടുപുസ്തകത്തിൽ എഴുതി പൂർത്തിയാക്കൂ

- പരുക്കേറ്റ കുട്ടി
  - സമാന കവിതകൾ
  - കവിയെക്കുറിച്ച്
  - ഇഷ്ടപ്പെട്ട വരികൾ
  - സവിശേഷ പ്രയോഗങ്ങൾ
  - കവിതയിലെ ആശയം

മനോപടത്തിന്റെ സഹായത്തോടെ പരുക്കേറ്റ കുട്ടി എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക



ഉപ്പയെന്റെയുപ്പയെനി-
ക്കുജ്ജ്വലനക്ഷത്രം
ഉപ്പ, എന്റെയുപ്പയെനി-
ക്കക്ഷയ പാൽപ്പാത്രം.

- കുരീപ്പുഴ ശ്രീകുമാർ

എന്നുമെൻ പുസ്തകത്താളിൽ മയങ്ങുന്ന
നമ്മതൻ പീലിയാണച്ഛൻ
കടലാസുതോണിയെ പോലെയെൻ
ബാല്യത്തിലൊഴുകുന്നൊരോർമ്മയാണച്ഛൻ
ഉടലാർന്ന കാരുണ്യമച്ഛൻ
കൈവന്ന ഭാഗ്യമാണച്ഛൻ.

- കൈതപ്രം

പേടിപ്പിച്ചോടിക്കാൻ നോക്കി പൂതം
പേടിക്കാതങ്ങനെ നിന്നാളമ്മ
കാറ്റിൻ ചുഴലിയായ് ചെന്നു പൂതം
കുറ്റികണക്കങ്ങു നിന്നാളമ്മ
കാട്ടുതീയായിട്ടും ചെന്നു പൂതം
കണ്ണീരാലൊക്കെക്കെടുത്താളമ്മ
നരിയായും പുലിയായും ചെന്നു പൂതം
തരികെന്റെ കുഞ്ഞിനെയെന്നാളമ്മ

- ഇടശ്ശേരി

സ്നേഹവും സൗഹൃദവും കരുതലും ഇങ്ങനെ എത്രയെത്ര കവിതകളിലുണ്ട്? അത്തരം കവിതകൾ കണ്ടെത്തി എഴുതി സൂക്ഷിക്കൂ.
കൂട്ടായും തനിച്ചും ചൊല്ലുമല്ലോ.

മാതാപിതാക്കളുടെ സ്നേഹം ലഭിക്കാതെ പോകുന്നവരെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

*നമുക്ക് മിറിയുടെ കഥ വായിക്കാം.*

# നന്മപ്പൂക്കൾ

അന്ധയായ പെൺകുട്ടിയായിരുന്നു മിറി.

അച്ഛനും അമ്മയ്ക്കും വൃദ്ധരായ മുത്തച്ഛനും മുത്തശ്ശിക്കുമൊപ്പം മനോഹരമായ കുഞ്ഞുവീട്ടിൽ വളരെ സന്തോഷത്തോടെയായിരുന്നു അവൾ കഴിഞ്ഞുവന്നിരുന്നത്. കാഴ്ചയില്ലാത്തതിന്റെ വിഷമങ്ങളൊന്നും അവർ മിറിയെ അറിയിച്ചിരുന്നില്ല. ഒരു മലയുടെ കീഴിലുള്ള കുഞ്ഞുപട്ടണത്തിലായിരുന്നു അവരുടെ താമസം. ഇടയ്ക്കിടെ അവളുടെ നാട്ടിലുണ്ടാകുന്ന ഭൂകമ്പങ്ങൾ ഒരുപാട് നാശങ്ങൾ വിതച്ചുകൊണ്ടാണ് എപ്പോഴും കടന്നുപോകുന്നത്. അന്നും പതിവുപോലെ മിറിയുടെ അച്ഛനുമമ്മയും പട്ടണത്തിന് പുറത്തെ വലിയ നഗരത്തിലേക്ക് ജോലിക്കായി പുറപ്പെട്ടു.

ദുരന്തങ്ങൾ എത്ര പെട്ടെന്നാണ് കടന്നുവരുന്നത്! അവർ നിന്ന നഗരം പൊടുന്നനെ പൊട്ടിപ്പിളർന്നു. കെട്ടിടങ്ങളെല്ലാം ചിന്നിച്ചിതറി. ആയിരക്കണക്കിനാളുകൾ അവശിഷ്ടങ്ങൾക്കടിയിലായി. മിറിയുടെ അച്ഛനുമമ്മയും അതിൽപ്പെട്ടിരിക്കണം. അവർ പിന്നീടൊരിക്കലും വന്നതേയില്ല. താൻ കാഴ്ചയില്ലാത്തവളാണ് എന്ന യാഥാർഥ്യം അപ്പോഴാണ് മിറിക്ക് ശരിക്കും മനസ്സിലായത്.



മാത്രമല്ല, വൃദ്ധരായ മുത്തച്ഛനെയും മുത്തശ്ശിയെയും സംരക്ഷിക്കേണ്ട ബാധ്യത കൂടി ആ കുഞ്ഞിലായി.

പുതിയ സ്കൂൾവർഷം പിറന്നു. മിറിയെ കൂട്ടിക്കൊണ്ടുപോകാൻ അവളുടെ കൂട്ടുകാരികളെത്തി. തെരുവോരത്തിരുന്ന് ഷൂ വൃത്തിയാക്കിക്കൊടുക്കുകയായിരുന്നു അപ്പോളവൾ. അവളുടെ മുന്നിൽ ഷൂ പോളീഷ് ചെയ്യാനായി നിൽക്കുന്നവരുടെ വലിയ നിര. തണുപ്പുകാലത്ത് മുത്തച്ഛനും മുത്തശ്ശിക്കുമായി ചൂടുകുപ്പായം വാങ്ങിച്ചുകൊടുക്കണം. അല്ലെങ്കിൽ ഈ തണുപ്പിൽ അവർ മരവിച്ചു മരിച്ചു പോകും. മിറിക്ക് അധ്വാനിച്ചേ തീരൂ.

ഉറ്റചങ്ങാതിയുടെ വിഷമാവസ്ഥ കണ്ട് ഏറെ സങ്കടപ്പെട്ടാണ് കൂട്ടുകാർ തിരിച്ചുപോയത്.

മിറിയുടെ കൂട്ടുകാർ വെറുതെയിരുന്നില്ല. അവർ തങ്ങളുടെ കുഞ്ഞുപണ പ്പൊതികളെല്ലാം കുടഞ്ഞെടുത്തു. അതുകൊണ്ട് മനോഹരമായ രണ്ടു ചൂടുകുപ്പായങ്ങളും വാങ്ങി അവർ മിറിയുടെ അടുത്ത് ചെന്നു. മിറിക്കുവേണ്ടി അവർക്ക് അതുചെയ്തേ മതിയാവുമായിരുന്നുള്ളൂ.

അവർ ദിവസവും കുഞ്ഞുമിറിക്കുവേണ്ടി പാഠങ്ങൾ മാറിമാറി പറഞ്ഞു കൊടുത്തുകൊണ്ടിരുന്നു. പരീക്ഷക്കാലമാകുമ്പോൾ അവളെ പരീക്ഷയ്ക്കിരുത്താ മെന്ന് അവർ അവരുടെ അധ്യാപകരോട് സമ്മതവും വാങ്ങിച്ചു. കുഞ്ഞുങ്ങളുടെ ഈ സ്നേഹം കണ്ട് അധ്യാപകരും ഒരുനാൾ മിറിയെ കാണാനെത്തി. മിറിയെ സ്നേഹിക്കാൻ, അവളെ സംരക്ഷിക്കാൻ ഇപ്പോൾ ഏറെപ്പേരാണ്. നന്മനിറഞ്ഞ ഒരുപാടുപേർ.

എത്രയൊക്കെ കഷ്ടതകളുണ്ടെങ്കിലും ഭൂമിയിൽ ഒരുപാട് നന്മകളുണ്ട്. ആ നന്മകൾ കൂടുതലുള്ളത് കുഞ്ഞുങ്ങളിലും. പ്രകൃതിയിലെ എല്ലാ കുഞ്ഞുങ്ങളും ഒരുപോലെ മനോഹരങ്ങളാണ്. പൂക്കളെപ്പോലെ... പൂമ്പാറ്റകളെപ്പോലെ...

**ഡോ. പി.കെ. ഭാഗ്യലക്ഷ്മി**

### ഞങ്ങളുടെ ചിത്രകഥ

നന്മപ്പൂക്കൾ എന്ന കഥയിലെ സന്ദർഭങ്ങൾ പറയൂ.

മിറിയുടെ സന്തോഷം നിറഞ്ഞ വീട്

പെട്ടെന്നുണ്ടായ ഭൂകമ്പം

.......................................................

.......................................................

.......................................................

ഇനിയും ധാരാളം സന്ദർഭങ്ങൾ കഥയിൽനിന്ന് കണ്ടെത്താമല്ലോ. അവ ക്രമ പ്പെടുത്തി എഴുതൂ.

മിറിയുടെ കഥ ഒരു ചിത്രകഥയാക്കിയാലോ?

ഓരോ ഗ്രൂപ്പും ചിത്രകഥ തയ്യാറാക്കണം. തയ്യാറാക്കിയ ചിത്രകഥകൾ കൈമാറി വിലയിരുത്തുകയും വേണം.

## നാടകം കളിക്കാം

ചിത്രകഥ തയ്യാറാക്കുന്നതിനായി സന്ദർഭങ്ങൾ കണ്ടെത്തിയല്ലോ? ഇവ ചേർത്ത് ഒരു നാടകം കളിച്ചാലോ?

എന്തെല്ലാം ഒരുക്കങ്ങൾ വേണം?

നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് രംഗങ്ങളും കഥാപാത്രങ്ങളും സംഭാഷണങ്ങളുമൊക്കെ കൂട്ടിച്ചേർക്കാം.

ആവശ്യമായ ഒരുക്കങ്ങൾക്കു ശേഷം ഓരോ ഗ്രൂപ്പും നാടകം അവതരിപ്പിക്കണം.

മികവുകളും പരിമിതികളും ചർച്ചചെയ്യുമല്ലോ.

## കവിതയരങ്ങ്

കളിയല്ല കളി എന്ന യൂണിറ്റിലും ഈ യൂണിറ്റിലും പഠിച്ച കവിതകളും ക്ലാസ് ലൈബ്രറിയിലും അടുത്തുള്ള വായനാശാലയിലും ഉള്ള കവിതാസമാഹാരങ്ങളിൽ നിന്നും ശേഖരിച്ച സമാനകവിതകളും ചേർത്ത് ഒരു കവിതയരങ്ങ് നടത്തൂ. ഒറ്റയ്ക്കും സംഘമായും ചൊല്ലാം.

## പദപരിചയം

| | | |
|---|---|---|
| അക്ഷയം | - | നശിക്കാത്തത് |
| അന്ധ | - | കാഴ്ചയില്ലാത്തവൾ |
| അമ്പൊട് | - | സ്നേഹത്തോടെ |
| അലോഗ്യം | - | ഇഷ്ടമില്ലായ്ക, ദേഷ്യം |
| അളി | - | വണ്ട് |
| ഇരിക്കപ്പൊറുതി | - | മനസ്സിന്റെ സമാധാനം, സ്വസ്ഥത |
| ഉജ്ജ്വലനക്ഷത്രം | - | തിളങ്ങുന്ന നക്ഷത്രം |
| ഉരച്ച് | - | പറഞ്ഞ് |
| ഒക്കിൽ | - | അരക്കെട്ടിന്റെ ഒരു വശത്ത് |
| ഓരത്ത് | - | സമീപം, അരികെ |
| കഷ്ടത | - | വിഷമം |

| | | |
|---|---|---|
| കുഴഞ്ഞുമറിയുക | - | സങ്കീർണ്ണമാവുക |
| കൂന്നുകൂന്ന് | - | നന്നായി കുനിഞ്ഞ് |
| കൊഞ്ഞനം കുത്തുക | - | മുഖം കോട്ടി പരിഹസിക്കുക |
| കോറിയിടുക | - | വരച്ചിടുക |
| കോലായ | - | വീടിന്റെ ഇറയം, വരാന്ത |
| ക്ഷതം | - | മുറിവ്, പരുക്ക് |
| ചിണുങ്ങുക | - | കൊഞ്ചിപ്പറയുക, ചെറുതായി വാശിപിടിക്കുക |
| ചെറുവാല്യക്കാരൻ | - | ചെറുപ്പക്കാരൻ |
| തെരുവോരം | - | തെരുവിന്റെ അരിക് |
| ദുരന്തം | - | ആപത്ത് |
| പഴുത് | - | വിടവ് |
| പുലരാൻ കാലത്ത് | - | അതിരാവിലെ |
| പെടാപ്പാട് | - | വലിയ കഷ്ടപ്പാട് |
| പൈതൽ | - | തീരെ ചെറിയ കുട്ടി |
| ഭൂഷണം | - | അലങ്കാരം |
| മയക്കുവിദ്യ | - | മയക്കാനുള്ള സൂത്രം |
| മരവിക്കുക | - | അനങ്ങാൻ കഴിയാതാവുക |
| മൂർധാവ് | - | നെറുക |
| ശശി | - | ചന്ദ്രൻ |
| ശുണ്ഠി | - | ദേഷ്യം, വാശി |
| സ്ഫുരിച്ച | - | തെളിഞ്ഞ, പ്രകാശിച്ച |

3

# കനൽവഴിയിൽ കരുത്തോടെ



രാരിക്കം രാരാരോ രേരിക്കം രേരേരോ
രാരിക്കം രാരാരോ രേരിക്കം രേരേരോ
മലവെള്ളം വന്നാൽ നമ്മടെ കുഞ്ഞുങ്ങളെങ്ങനെടീ
ചെറവെള്ളം വന്നാൽ നമ്മടെ കുഞ്ഞുങ്ങളെങ്ങനെടീ
മലവെള്ളം വന്നാൽ നമ്മള് മറുമല കേറും,
ചെറവെള്ളം വന്നാൽ നമ്മള് ചെറുമല കേറും.
രാരിക്കം രാരാരോ രേരിക്കം രേരേരോ
രാരിക്കം രാരാരോ രേരിക്കം രേരേരോ

ഈ നാടൻപാട്ട് എല്ലാവരും ചേർന്ന് പാടൂ.
കവിതപോലെ, കഥപോലെ നാടൻപാട്ടുകളും നമ്മളോട് ചില കാര്യങ്ങൾ പറയുന്നുണ്ട്. ഈ നാടൻപാട്ടിലൂടെ നമുക്ക് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം? ചർച്ചചെയ്യൂ.

ഇനി ഒരു കവിത പരിചയപ്പെടാം

# ഒന്നല്ലൊരുകോടി മാവേലിമാർ



കപ്പ കൊഴച്ചതും കാന്താരിയും
ചക്കരക്കാപ്പിയും ചമ്മന്തിയും
ഓണമാഘോഷിക്കയാണു ഞങ്ങൾ
പ്രാണൻ തിരിച്ചുപിടിച്ച മക്കൾ.

മല വിണ്ടുകീറിത്തിളച്ചു സമസ്തവും
പ്രളയപ്പെരുങ്കാളി ചുട്ടുതിന്നു
മണ്ണിന്നടിയിൽപ്പിടയുന്നിതിപ്പൊഴും
കണ്ണിലെ കൃഷ്ണമണികളായോർ.

മക്കളെക്കാളും പ്രിയമാർന്ന പൂവാലി
ചത്തുമലച്ചു കുരുതിയാറ്റിൽ;
ഇപ്പരുവത്തിൽ ചിരിയ്ക്കാൻ മേലാ
ഒക്കെപ്പൊറുക്കണേ കാക്കപ്പൂവേ; തിരു-
വോണം മറക്കാത്ത തുമ്പപ്പൂവേ!

വട്ടത്തിൽ കൈകോർത്തുപാടിക്കളിക്കുന്ന
മുറ്റം കരിമ്പുഴ കാർന്നുതിന്നു.
ഉത്രാടരാവിലെപ്പാൽനിലാവേ
ഒക്കെ നിനക്കറിവുള്ളതല്ലേ?

എന്നാലും ഞങ്ങൾ പിടിച്ചുനില്ക്കും
കൊന്നാലും വീണ്ടും മുളച്ചു പൂക്കും.
നന്മത്തിരി കത്തിച്ചായിരം കയ്യുകൾ
ഒന്നിച്ചു നീളുന്ന ചേലുകണ്ടോ ?

ആയിരമായിരം മാവേലിമാർ
ആണായും പെണ്ണായും കാവൽ നിൽക്കേ,
ഓണത്തിനിക്കുറി നമ്മൾ പാടും
കേരളമെന്നുള്ള സംഘഗാനം; മർത്ത്യ-
ജീവിതമെന്നൊരുയിർപ്പുഗാനം.

താമസമെന്തേ വരുവാൻ

ഏഴാച്ചേരി രാമചന്ദ്രൻ

### കവിത ചൊല്ലാം

കവിത ആദ്യം മൗനമായി വായിക്കൂ. തുടർന്ന് ഗ്രൂപ്പുകളായി ഈണത്തിൽ ഒന്നിച്ചു ചൊല്ലൂ.

എല്ലാം ഒഴുക്കിക്കൊണ്ടുപോകുന്ന പെരുംപ്രളയകാലത്തിന്റെ സൂചനകൾ കവിതയിലുണ്ട്. വരികൾ കണ്ടെത്തി ചൊല്ലൂ.

### കവിതയുടെ ഉള്ളറിയാം

"ഇപ്പരുവത്തിൽ ചിരിക്കാൻ മേലാ,
ഒക്കെപ്പൊറുക്കണേ കാക്കപ്പൂവേ, തിരു-
വോണം മറക്കാത്ത തുമ്പപ്പൂവേ!"

പൂക്കളെ കണ്ടിട്ടും നമുക്ക് ചിരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാവും? നിങ്ങളുടെ കണ്ടെത്തലുകൾ എഴുതൂ.

### കൊളാഷ്

ദുരന്തങ്ങളിലും അപകടങ്ങളിലും ദുരിതബാധിതരെ സഹായിക്കാൻ മുന്നിട്ടിറങ്ങുന്ന ആളുകളെക്കുറിച്ച് പത്രങ്ങളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും നമുക്കറിയാം. അത്തരം വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ക്ലാസിൽ വിശദീകരിക്കൂ. കൂടുതൽ ചിത്രങ്ങളും വാർത്തകളും ചേർത്ത് ഒരു കൊളാഷ് തയ്യാറാക്കൂ.

### വിശകലനക്കുറിപ്പ്

എന്നാലും ഞങ്ങൾ പിടിച്ചുനില്ക്കും,
കൊന്നാലും വീണ്ടും മുളച്ചു പൂക്കും,
നന്മത്തിരി കത്തിച്ചായിരം കയ്യുകൾ
ഒന്നിച്ചു നീളുന്ന ചേലുകണ്ടോ?

ആയിരമായിരം മാവേലിമാർ
ആണായും പെണ്ണായും കാവൽ നിൽക്കേ,
ഓണത്തിനിക്കുറി നമ്മൾ പാടും
കേരളമെന്നുള്ള സംഘഗാനം, മർത്ത്യ-
ജീവിതമെന്നൊരുയിർപ്പുഗാനം!

ഒന്നല്ലൊരുകോടി മാവേലിമാർ എന്ന കവിത നല്കുന്ന സന്ദേശം എന്ത്?

ഈ വരികൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ.

ഇതുപോലെ,

ഒരു പ്രശ്നമനുഭവപ്പെട്ടപ്പോൾ അതിനെതിരെ പോരാടിയ ഒരു പെൺകുട്ടിയെ പരിചയപ്പെടാം.

ഗ്രേറ്റയുടെ പോരാട്ടക്കഥ വായിക്കൂ

# ഭൂമിക്കുവേണ്ടി

അവധിക്കാലം കഴിഞ്ഞു. സ്വീഡന്റെ നിരത്തുകളിൽ യൂണിഫോമിട്ട് ബാഗും തൂക്കി നടന്നും സൈക്കിൾ ചവിട്ടിയും വീണ്ടും കുട്ടികൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

സ്റ്റോക്ക്ഹോം നഗരത്തിലാണ് സ്വീഡന്റെ പ്രൗഢമായ പാർലമെന്റ് മന്ദിരം. അതിന്റെ അകത്തളത്തിലാണ് ജനപ്രതിനിധികൾ ദ്വീപ് രാഷ്ട്രത്തിന്റെ ചട്ടങ്ങൾ ചമയ്ക്കുന്നത്. എത്രയെത്ര ചർച്ചകളാണ് അരങ്ങേറുന്നത്! പക്ഷേ ഭൂമിയുടെ ആരോഗ്യത്തെക്കുറിച്ച് ആരെങ്കിലും ഒരാൾ അതിനുള്ളിൽ തലപുകയ്ക്കുന്നുണ്ടോ?

ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കാത്തത്ര നിസ്സാരക്കാരല്ല ആരും. ജീവിതശൈലിയിൽ കൊണ്ടുവരുന്ന കൊച്ചുകൊച്ചു മാറ്റങ്ങൾക്കുപോലും മലിനീകരണം വലിയ അളവിൽ കുറയ്ക്കാൻ കഴിഞ്ഞേക്കാം. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഒറ്റപ്പെട്ട ഇടപെടലുകൾകൊണ്ടായില്ല. കൂട്ടായ പ്രവർത്തനങ്ങൾക്ക് ഭരണകൂടങ്ങൾതന്നെ മുൻകൈയെടുക്കണം. ഭൂമിക്കുവേണ്ടി നിയമങ്ങൾ നിർമ്മിക്കപ്പെടണം. ആഗോളതാപനത്തിൽ ഭൂമി ഉരുകുന്നത് ജനപ്രതിനിധികൾ അറിയുന്നില്ലെങ്കിൽ അവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഗ്രേറ്റ ട്യുൻബെർഗ് തയ്യാറെടുത്തു.

**2018 ഓഗസ്റ്റ് 20.**

പാർലമെന്റ് മന്ദിരത്തിനു മുന്നിൽ കല്ലുപാകിയ നിരത്തിൽ ഒറ്റയ്ക്ക് ഒരു പെൺകുട്ടി. അവൾ സ്കൂൾ യൂണിഫോം ധരിച്ച്, മുടി ഇരുവശവും പിന്നിയിട്ടിരുന്നു. പുസ്തകസഞ്ചി തൊട്ടടുത്ത് ചാരിവെച്ചു. അവൾ കരുതിയ പ്ലക്കാർഡിലെ കൈപ്പട ആളുകൾ സ്വീഡിഷ് ഭാഷയിൽ ഇങ്ങനെ വായിച്ചു: SKOLSTREJK FOR KLIMATET (കാലാവസ്ഥയ്ക്കായി സ്കൂൾ സമരം)

ഗ്രേറ്റ ട്യുൻബെർഗ് എന്ന പതിനഞ്ചുവയസ്സുകാരി ഭൂമിക്കുവേണ്ടി, തലമുറകളുടെ ഭാവിക്കുവേണ്ടി, കാലാവസ്ഥയ്ക്കുവേണ്ടി സ്കൂൾ സമരം ആരംഭിച്ചിരിക്കുന്നു. രാവിലെ 8.30 മുതൽ വൈകിട്ട് 3 മണിവരെ സാധാരണ ക്ലാസിലിരിക്കേണ്ട സമയം മുഴുവൻ ഗ്രേറ്റ പ്ലക്കാർഡുമേന്തി പാർലമെന്റ് കെട്ടിടത്തിനു മുന്നിൽ തപസ്സു ചെയ്തു. സാധാരണക്കാരുടെ കൗതുകത്തിനപ്പുറം ആരുടെയെങ്കിലും ശ്രദ്ധ ക്ഷണിക്കാൻ അന്നത്തെ പ്രയത്നംകൊണ്ടായില്ല.




പിറ്റേ ദിവസവും ഗ്രേറ്റ രാവിലെ യൂണിഫോം ധരിച്ച് ബാഗും തൂക്കി ഇറങ്ങിയപ്പോൾ പ്ലക്കാർഡ് എടുക്കാൻ മറന്നില്ല. രണ്ടാം ദിവസം വഴിപോക്കർ കൗതുകത്തോടെ നോട്ട മെറിയുന്നതിനു പകരം ഒരു നിമിഷം നിന്ന് കാര്യം തിരക്കുന്ന തരത്തിലേക്ക് സമരം ശ്രദ്ധനേടി. അന്ന് മടങ്ങുന്ന തിനുമുൻപുതന്നെ ഗ്രേറ്റയ്ക്ക് കുറച്ചു കൂട്ടുകാരെ കിട്ടി. സ്കൂൾസമരത്തിന്റെ ആദ്യത്തെ പിന്തുണക്കാർ.

മൂന്നാം ദിവസം കൂടുതൽ ഉത്സാഹ ഭരിതയായാണ് ഗ്രേറ്റ സമരവേദിയിലെ ത്തിയത്. അന്ന് ഗ്രേറ്റ ഒറ്റയ്ക്കായിരുന്നില്ല. അവൾക്കൊപ്പം ചെറിയൊരു കൂട്ടം രൂപപ്പെട്ടു. ചെറുപ്പക്കാരായിരുന്നു കൂടുതലും.

സമരം ആറാം ദിവസത്തിൽ എത്തി. കൂട്ടുകാരോട് ഗ്രേറ്റയ്ക്ക് അന്നൊരു നിർദേശം വയ്ക്കാനുണ്ടായിരുന്നു. ലക്ഷ്യബോധമില്ലാതെ എല്ലാദിവസവും ഇവിടെ ഇരുന്നിട്ട് കാര്യമില്ല. എന്തിനുവേണ്ടിയാണ് ഈ സമരമെന്നതിനെക്കുറിച്ച് എല്ലാവരും പഠിക്കണം. സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ജനങ്ങളിലേക്ക് ഉദ്ദേശ്യം എത്തിക്കണം. ഒരു ലൈക്കോ കമന്റോപോലും സമരത്തിന് നേരിട്ടെത്താൻ കഴിയാത്തവരുടെ പിന്തുണയാണ്.

പതിയെപ്പതിയെ പാർലമെൻറ് കെട്ടിടത്തിനു മുന്നിലെ സംഭവവികാസങ്ങൾ സ്വീഡനിൽ ചർച്ചയായിത്തുടങ്ങി. എല്ലാദിവസവും സമരത്തിന്റെ ചിത്രമെടുത്ത് ഗ്രേറ്റ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചു. 'ഞങ്ങളും വരട്ടേ? എപ്പോഴാണ് കാണാൻ സാധിക്കുക?' ഗ്രേറ്റയുടെ വിശേഷങ്ങൾക്കു കീഴിൽ കമന്റ് ബോക്സിൽ ആരാധകരുടെ ചോദ്യങ്ങൾ നിരന്നു. ഗ്രേറ്റ മറുപടി നൽകി: 'എല്ലാവർക്കും സ്വാഗതം!'

നിരവധിപേർ ഓരോ ദിവസവും പാർലമെന്റിനു മുന്നിലേക്കെത്തിക്കൊണ്ടിരുന്നു. ചിലർ സ്കൂളും ജോലിയും ഉപേക്ഷിച്ച് മുഴുവൻ സമയം സമരത്തിൽ പങ്കാളികളായി. മറ്റു ചിലർ ഒരുനേരത്തെ ഭക്ഷണമോ ഷോപ്പിങ്ങോ ഉപേക്ഷിച്ച് പറ്റുന്ന സമയങ്ങളിലെല്ലാം പിന്തുണയുമായെത്തി. കൂടുതൽ കൂടുതൽ അമ്മമാർ മക്കളെയും കൂട്ടി സമരത്തിനെത്താൻ തുടങ്ങി. മുത്തശ്ശന്മാരും മുത്തശ്ശിമാരും പ്ലക്കാർഡുകളുമേന്തി

ഗ്രേറ്റയ്ക്കൊപ്പമിരുന്നു. ചിലർ ഗ്രേറ്റയ്ക്കു കഴിക്കാൻ ഭക്ഷണപ്പൊതികളും കുടിക്കാൻ പാനീയങ്ങളും കരുതി.

നഗരത്തിൽ 15 വയസ്സുകാരി പെൺകുട്ടിയുടെ സ്കൂൾസമരം അതിനോടകം വലിയ ചർച്ചയായി. പത്രങ്ങളിൽ വാർത്തകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഒമ്പതാം ദിവസമായപ്പോഴേക്കും പാർലമെന്റ് മന്ദിരത്തിനു മുന്നിലെ നിരത്തിൽ സമരക്കാർ നിറഞ്ഞു. അതോടെ വേദി മാറ്റേണ്ടി വന്നു. ഗ്രേറ്റ തടസ്സങ്ങളൊന്നും ഉന്നയിച്ചില്ല. പുതിയ നിയമങ്ങൾ വേണമെന്നല്ലാതെ ഉള്ള നിയമങ്ങൾ ലംഘിക്കുക എന്നത് അവളുടെ അജണ്ടയായിരുന്നില്ല.



പിന്നീടുള്ള ദിവസങ്ങളിൽ ലോകം ഗ്രേറ്റയെ അറിയാൻ തുടങ്ങി. കാലാവസ്ഥാ പ്രശ്നപരിഹാരത്തിന് സ്കൂൾ ഉപേക്ഷിച്ച പതിനഞ്ചു വയസ്സുകാരി എന്നപേരിൽ 'ദ ഗാർഡിയൻ' പത്രം ലേഖനം പ്രസിദ്ധീകരിച്ചു. സ്വീഡനകത്തും പുറത്തും സകലഭാഗങ്ങളിലേക്കും വാർത്തയെത്താൻ തുടങ്ങി. ഗ്രേറ്റ ചെയ്യുന്നതിനോട് യോജിക്കാൻ നഗരങ്ങളെന്നോ ഗ്രാമങ്ങളെന്നോ വ്യത്യാസമില്ലാതെ നിരവധി പേരുണ്ടായി. സ്വീഡനിൽ പലയിടങ്ങളിലും സ്കൂൾ സമരങ്ങൾ അരങ്ങേറി. ഗ്രേറ്റയ്ക്ക് പിന്തുണയറിയിച്ച് രാജ്യത്തിനകത്തും പുറത്തും വലുതും ചെറുതുമായ പ്രകടനങ്ങൾ നടന്നു.
റോമിൽ നിന്ന് ഗ്രേറ്റയെത്തേടി ഒരു ഫോട്ടോഗ്രാഫെത്തി. ഗ്രേറ്റയുടേതുപോലെ ഒരു സൈക്കിൾ. അതിന്റെ പെഡലിൽ ചാരിവെച്ച പ്ലക്കാർഡിൽ ഇങ്ങനെ എഴുതിയിരുന്നു : "നന്ദി ഗ്രേറ്റ, ഞങ്ങളുമുണ്ട് നിനക്കൊപ്പം."

**ഭൂമിക്കുവേണ്ടി ഒരു സ്കൂൾകുട്ടിയുടെ പോരാട്ടം** **പി.എസ്.രാകേഷ്**

## ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം...

“സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ജനങ്ങളിലേക്ക് ഉദ്ദേശ്യം എത്തിക്കണം. ഒരു ലൈക്കോ കമന്റോപോലും സമരത്തിന് നേരിട്ടെത്താൻ കഴിയാത്തവരുടെ പിന്തുണയാണ്.” ഗ്രേറ്റ സുഹൃത്തുക്കളോട് ഇങ്ങനെയാണ് പറഞ്ഞത്.

ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങൾ ഗ്രേറ്റ തന്റെ സമര പ്രചാരണത്തിനായി ഉപയോഗിച്ചു. സമൂഹമാധ്യമങ്ങളിലൂടെയാണ് ലോകം ഗ്രേറ്റയെക്കുറിച്ചും ഗ്രേറ്റയുടെ സമരത്തെക്കുറിച്ചും അറിഞ്ഞത്.

ഇത്തരം കാര്യങ്ങൾക്കുവേണ്ടിയാണോ ഇപ്പോൾ സമൂഹമാധ്യമങ്ങളെ ഉപയോഗിക്കുന്നത്?

ഗുണകരമായ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി സമൂഹമാധ്യമങ്ങളെ നമുക്ക് ഉപയോഗിക്കാം? നിങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കൂ.

ടീച്ചറുടെ സഹായത്തോടെ ഗ്രേറ്റയുടെ ഫേസ്ബുക്ക് പേജ് സന്ദർശിക്കൂ. നിങ്ങൾ അറിയേണ്ട ധാരാളം കാര്യങ്ങൾ അതിലുണ്ടാവും.

സ്കൂളിന് ഫേസ്ബുക്ക് പേജുണ്ടോ? ഉണ്ടെങ്കിൽ മലയാളം ക്ലാസിൽ ഈ വർഷം ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിവരങ്ങളും ഫോട്ടോകളും സ്കൂളിന്റെ ഫേസ്ബുക്ക് പേജിൽ കൊടുക്കാൻ ടീച്ചറോട് പറയുമല്ലോ?

## ഗ്രേറ്റയ്ക്കൊരു കത്ത്

കാലാവസ്ഥാമാറ്റത്തെക്കുറിച്ച് 2018 മെയ് മാസത്തിൽ സ്വീഡിഷ് ഡെയിലി ന്യൂസ് എന്ന പത്രം നടത്തിയ ഉപന്യാസമത്സരത്തിൽ സമ്മാനം നേടിയപ്പോഴാണ് ഉപന്യാസമെഴുത്തു പോരാ, കാലാവസ്ഥാമാറ്റത്തിന് ഇടയാക്കുന്ന മനുഷ്യരുടെ പ്രവൃത്തികൾ തടയാൻ പോരാട്ടംതന്നെ വേണമെന്ന് ഗ്രേറ്റയ്ക്ക് മനസ്സിലായത്.

ഗ്രേറ്റ തന്റെ പോരാട്ടം തുടങ്ങിയത് ഒറ്റയ്ക്കാണ്. പിന്നീട് അവൾക്കൊപ്പം ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നായി പതിനായിരങ്ങൾ ചേർന്നു.

ഇതിനകം മുപ്പത്തഞ്ചിലധികം അന്തർദ്ദേശീയ പുരസ്കാരങ്ങൾക്ക് ഗ്രേറ്റ അർഹയായി.

കിട്ടാവുന്ന പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവ വായിച്ചും മറ്റുസാധ്യതകൾ പ്രയോജനപ്പെടുത്തിയും ഗ്രേറ്റയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുമല്ലോ. ഭൂമിയിലെ എല്ലാ മനുഷ്യർക്കും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രേറ്റയ്ക്ക് ഒരു കത്തെഴുതൂ.

വ്യക്തിഗതമായി തയ്യാറാക്കി, ഗ്രൂപ്പിൽ മെച്ചപ്പെടുത്തി, ക്ലാസിന്റേതായി ഒരു കത്ത് തയ്യാറാക്കുക.

ചില സന്ദർഭങ്ങളിൽ ആരും സഹായത്തിനില്ലാതെ ഒറ്റപ്പെട്ടുപോകുന്നവരുണ്ട്. ഗ്രീക്ക് പുരാണകഥകളിൽ സൈക്കേ എന്നൊരു പെൺകുട്ടിയുണ്ട്. തന്നെ വിവാഹം ചെയ്ത ഈറോസ് ദേവനെ തിരികെക്കിട്ടാനായി സൈക്കേ നടത്തുന്ന പോരാട്ടത്തിന്റെ കഥ വായിക്കൂ.

## എരിതീയിലുയിരോടെ

ഭ്രാന്തിയെപ്പോലെ സൈക്കേ അലഞ്ഞുനടന്നു.
ആരും തുണയില്ലാത്ത അവസ്ഥ. കാറ്റിനോടും കല്ലിനോടും മരുഭൂമിയിലെ മണൽത്തരികളോടും അവൾ തന്റെ സങ്കടം പറഞ്ഞു. ഈറോസ് ദേവൻ എവിടെയാണെന്ന് ചോദിച്ചു. ഒരുത്തരവും അവൾക്ക് കിട്ടിയില്ല.
അവസാനം ഡിമിറ്റർ എന്ന വസന്തദേവതയെ അവൾ കണ്ടു. കണ്ണീർ പൊഴിച്ച് വിലപിക്കുന്ന അവളിൽ ആ ദേവി കനിഞ്ഞു. ദേവി പറഞ്ഞു:
“ഈറോസ് ദേവനെയാണല്ലോ നീ അന്വേഷിക്കുന്നത്. അദ്ദേഹം അമ്മയായ ആഫ്രോഡിറ്റിയുടെ അടുത്തുണ്ട്. വിളക്കിലെ എണ്ണ വീണതുകൊണ്ട് തോൾ പൊള്ളി ആ ദേവൻ വേദനിച്ചു കിടക്കുകയാണ്.”
“കഷ്ടം. ഞാൻ ഇനി എന്താണ് ചെയ്യേണ്ടത്? ദേവി എന്നെ രക്ഷിക്കൂ... എനിക്ക് ഒരു മാർഗ്ഗം പറഞ്ഞുതരൂ...” അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു.
ഡിമിറ്റർ പറഞ്ഞു : “ഒരേ ഒരു മാർഗ്ഗമേയുള്ളൂ. ആഫ്രോഡിറ്റി ദേവിയോട് മാപ്പ് അപേക്ഷിക്കുക. പാപപരിഹാരം ചെയ്ത് പ്രസാദിപ്പിക്കണം. അവർ ഇപ്പോൾ വല്ലാതെ കോപിച്ചിരിക്കയാണ്.”
സൈക്കേ ആഫ്രോഡിറ്റി ദേവിയുടെ അടുത്തെത്തി. അവൾ പറഞ്ഞു :
“ദേവി എന്നോട് ക്ഷമിക്കൂ. ഞാൻ തെറ്റു ചെയ്തുപോയി. എന്തു പരിഹാരം വേണമെങ്കിലും ചെയ്തുകൊള്ളാം.”
ആഫ്രോഡിറ്റി കോപം കൊണ്ട് ഉറഞ്ഞുതുള്ളുകയായിരുന്നു. എങ്ങനെയും സൈക്കേയെ നശിപ്പിച്ചിട്ടേ അടങ്ങുകയുള്ളുവെന്ന് അവൾ നിശ്ചയിച്ചിരുന്നു. ആഫ്രോഡിറ്റി ചോദിച്ചു:
“ഞാൻ പറയുന്ന ഏതു ജോലിയും നീ ചെയ്യുമോ?”
“തീർച്ചയായും ചെയ്യാം, ദേവീ.” സൈക്കേ പറഞ്ഞു.
“എന്നാൽ ആ കാണുന്ന നെല്ലും ഗോതമ്പും അമരപ്പയറും ചേർന്ന് ഒന്നായിക്കിടക്കുന്ന ധാന്യക്കൂമ്പാരത്തിലെ ഓരോ ധാന്യവും വെവ്വേറെ ഇനം തിരിച്ചു പെറുക്കിക്കൂട്ടണം. ഇന്ന് സന്ധ്യയ്ക്കുമുമ്പ് ഇതു ചെയ്തുതീർക്കണം. അല്ലെങ്കിൽ കടുത്ത ശിക്ഷയുണ്ടാകും. വിജയിച്ചാൽ നിന്നെ അംഗീകരിക്കാം.”

ആഫ്രോഡിറ്റി ഇത് പറയുമ്പോൾ ചുണ്ടിൽ ഒരു പരിഹാസച്ചിരി ഉണ്ടായിരുന്നു. പ്രഭാതത്തിൽ സൈക്കേ ജോലി തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ അവൾ തളർന്നു. ഭാരിച്ച ആ ജോലി മാസങ്ങൾകൊണ്ടുപോലും ചെയ്തുതീർക്കാൻ കഴിയില്ല എന്ന് അവൾക്കു വ്യക്തമായി.

മലപോലെ മുന്നിൽ കിടന്ന ധാന്യക്കൂമ്പാരത്തിനു മുമ്പിൽ ഇരുന്ന് സൈക്കേ പൊട്ടിക്കരഞ്ഞു. അവളുടെ കരച്ചിൽ കേട്ട ഒരു കൂട്ടം ഉറുമ്പുകൾ കാര്യം അന്വേഷിച്ചു. കരഞ്ഞുകൊണ്ട് അവൾ എല്ലാം പറഞ്ഞു.

ഉറുമ്പുകളുടെ രാജാവ് പറഞ്ഞു

"സഹോദരീ, കരയേണ്ട. ഞങ്ങൾ നിനക്കുവേണ്ടി ഈ ജോലി ചെയ്തുതീർക്കാം."

ലക്ഷോപലക്ഷം ഉറുമ്പുകൾ അവിടെയെത്തി. അവർ ചുരുങ്ങിയ സമയംകൊണ്ട് ധാന്യമണികൾ ഇനംതിരിച്ച് കൂനകളാക്കി മാറ്റി. സൈക്കേ ഉറുമ്പുകളോട് നന്ദി പറഞ്ഞു.



സന്ധ്യയ്ക്ക് ആഫ്രോഡിറ്റി വന്നു. ധാന്യങ്ങൾ അതതിടങ്ങളിൽ ഇനം തിരിച്ച് കൂട്ടിയിരിക്കുന്നു.

ദേവി വിസ്മയിച്ചു. എങ്കിലും ഇങ്ങനെയാണു പറഞ്ഞത്. "ഇത് തീർച്ചയായും നീ നിന്റെ കൈകൊണ്ട് ചെയ്തതല്ല. എന്തോ വഞ്ചന ഇതിലുണ്ട്."

ഒരു റൊട്ടിക്കഷണം അവൾക്ക് എറിഞ്ഞുകൊടുത്തിട്ട് അവരവളെ ഇരുട്ടറയിൽ അടച്ചു. സൈക്കേ ദുഃഖിതയായി അവിടെ കിടന്നു.

പിറ്റേദിവസം ആഫ്രോഡിറ്റി ദേവി മലമടക്കുകളിൽ നിന്ന് കുത്തിയൊഴുകുന്ന കരിനദി ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

"ആ നദിയുടെ ഉറവിടത്തിൽ നിന്ന് മഞ്ഞുകട്ടപോലെ തണുത്ത ജലം എടുത്ത് പാത്രം നിറയ്ക്കണം. സന്ധ്യയ്ക്കുമുമ്പ് എന്റെ പക്കൽ അത് എത്തിക്കണം. അല്ലെങ്കിൽ മരണമായിരിക്കും നിനക്ക് ഞാൻ തരുന്ന ശിക്ഷ, ഓർമ്മിച്ചുകൊള്ളൂ." രൗദ്രഭാവത്തോടെ ദേവി ചഷകം സൈക്കേയുടെ കയ്യിൽ ഏൽപ്പിച്ച് കടന്നുപോയി.

സൈക്കേ പളുങ്കുപാത്രവുമായി കരിനദിയുടെ ഉറവിടം തേടിപ്പോയി. വലിയ മലകളുടെ ഉച്ചിയിൽ നിന്നാണ് ആ നദിയുടെ തുടക്കം. ദുർഘടമായ മലയിടുക്കുകളിൽ കൂടി അവൾ കുറേദൂരം മുന്നോട്ടുപോയി. വഴി ആപൽക്കരം. മുകളിൽ ഹിംസ്രജന്തുക്കൾ. കരിനദിയുടെ ഉറവിടത്തിനടുത്ത് വരുന്നവരെ വിഴുങ്ങുവാൻ മലമ്പാമ്പുകൾ കാത്തുനിൽപ്പുണ്ട്.



ഭീകരസത്വങ്ങളുടെ അലർച്ച മലയിൽ മുഴങ്ങിക്കേട്ടു. അവൾ പേടിച്ചരണ്ടു. ആകാശത്തു പറന്നുനീങ്ങിയ ഒരു വലിയ കഴുകൻ സൈക്കേയെ കണ്ടു. അവളുടെ ദൈന്യത കണ്ട് ആർദ്രത തോന്നിയ കഴുകൻ അടുത്തു വന്നു പറഞ്ഞു "കുട്ടീ, മലയിൽ നീ കയറരുത്."

കണ്ണീരോടെ തന്റെ കഥകളെല്ലാം സൈക്കേ കഴുകനോട് പറഞ്ഞു. കഴുകന്റെ



മനസ്സലിഞ്ഞു. "നീ ഇവിടെത്തന്നെ നിൽക്കൂ. കഴുകൻ തുടർന്നു, നിന്റെ കയ്യിലെ പളുങ്കുപാത്രം തന്നാൽ കുളിർജലം ഞാൻ ശേഖരിച്ചുതരാം."

നീണ്ട കൊക്കിൽ പളുങ്കുപാത്രവും എടുത്ത് കഴുകൻ പറന്നുപോയി. നിമിഷങ്ങൾക്കകം തണുത്ത ജലം നിറച്ച പാത്രവുമായി തിരിച്ചെത്തി. സൈക്കെ കഴുകനോട് നന്ദി പറഞ്ഞു. വെള്ളം തുളുമ്പിപ്പോകാതെ അവൾ സാവധാനം താഴ്‌വരയിൽ ഇറങ്ങി. താൻ ആജ്ഞാപിച്ച കാര്യം നിർവഹിച്ച് മുൻപിൽ എത്തിയ സൈക്കേയോട്, അപ്പോഴും കോപമാണ് ദേവിക്കുണ്ടായത്. അവളെ ആഫ്രോഡിറ്റി കഠിനമായി ശകാരിച്ചു, ശപിക്കുകയും ചെയ്തു. കടുത്ത വേദനയോടെ സൈക്കേ നിലത്തുവീണു.

സംഭവങ്ങളെല്ലാം ഈറോസ് ദേവൻ അറിയുന്നുണ്ടായിരുന്നു. ആഫ്രോഡിറ്റി കടന്നുപോയപ്പോൾ അദ്ദേഹം അവളുടെ സമീപം വന്നു. അവൾ അമ്മയുടെ ശകാരവും ശാപവുമേറ്റ് ബോധമറ്റ് തറയിൽ കിടക്കുകയാണ്. ഈറോസിന്റെ മനസ്സ് വേദനിച്ചു. ചഷകത്തിലെ കുളിർജലം തളിച്ച് ഈറോസ് സൈക്കേയെ ഉണർത്തി.

ഈറോസിന്റെ ദർശനത്തിൽ സൈക്കേ കോരിത്തരിച്ചു. അവൾ തന്റെ വേദനകളെല്ലാം മറന്നു. അവളുടെ കൈപിടിച്ച് ഈറോസേ് ദേവൻ നടന്നു.

ഗ്രീക്ക് പുരാണകഥാസാഗരം    പുനരാഖ്യാനം : ഫാദർ സെഡ്.എം.മുഴൂർ

### കഥ വായിക്കാം പറയാം

എല്ലാവരും മൗനമായി ഒന്നോ രണ്ടോ തവണ കഥ വായിക്കൂ.

ഇനി കഥ ഉറക്കെ വായിച്ചു കേട്ടാലോ? ഓരോരുത്തരായി ഗ്രൂപ്പിൽ കഥ ഭാഗങ്ങളായി വായിച്ച് പൂർത്തിയാക്കണം.

വായിച്ചും വായന കേട്ടുമുള്ള ഓർമ്മവച്ച് ഈ കഥ ആർക്കെല്ലാം പറയാൻ പറ്റും? പറഞ്ഞുനോക്കൂ.

കഥവായനയും കഥപറച്ചിലും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്? ചർച്ച ചെയ്യൂ.

### കഥാപാത്രങ്ങളോടൊപ്പം

എരിതീയിലുയിരോടെ എന്ന കഥയിലെ കഥാപാത്രങ്ങളാരെല്ലാം?

രണ്ടോ മൂന്നോ വാക്യംകൊണ്ട് ഓരോ കഥാപാത്രത്തെയും പരിചയപ്പെടുത്തൂ.

### എനിക്കും പറയാനുണ്ട്

'ഇത് തീർച്ചയായും നീ നിന്റെ കൈകൊണ്ട് ചെയ്തതല്ല. എന്തോ വഞ്ചന ഇതിലുണ്ട്.'

'ഇതു നീ തനിച്ച് സമ്പാദിച്ചതല്ല. ആരെങ്കിലും നിന്നെ സഹായിച്ചിട്ടുണ്ടാകും.'

വളരെ കഷ്ടപ്പെട്ട് കല്പനകൾ പൂർത്തിയാക്കി തിരിച്ചുവന്ന സൈക്കേയോട് ആഫ്രോഡിറ്റി ഇങ്ങനെയാണ് പറഞ്ഞത്. ആഫ്രോഡിറ്റിയുടെ ഈ പ്രവൃത്തിയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

ഗ്രൂപ്പിൽ ചർച്ച ചെയ്തു കണ്ടെത്തൂ... നോട്ടുപുസ്തകത്തിൽ കുറിക്കൂ.

### പഴഞ്ചൊല്ലിന്റെ പൊരുൾ

'തലയ്ക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ തോണി.'

ഈ ചൊല്ലിന്റെ ആശയമെന്താണ്? ഒന്നല്ലൊരുകോടി മാവേലിമാർ, ഭൂമിക്കുവേണ്ടി, എരിതീയിലുയിരോടെ എന്നീ പാഠങ്ങളിലൂടെ നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങളുമായി ഈ പഴഞ്ചൊല്ലിനുള്ള ബന്ധമെന്താണ്?

നിങ്ങളുടെ കണ്ടെത്തലുകൾ ഒരു കുറിപ്പായി എഴുതൂ.

### കഥയരങ്ങ്

പാഠപുസ്തകത്തിൽനിന്നും ക്ലാസ് ലൈബ്രറിയിൽനിന്നും അടുത്തുള്ള വായനശാലയിൽ നിന്നും ധാരാളം കഥകൾ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ.

ഇഷ്ടപ്പെട്ട കഥകൾ ഉൾപ്പെടുത്തി ക്ലാസിൽ കഥയരങ്ങ് സംഘടിപ്പിക്കുക

## പദപരിചയം

| | | |
|---|---|---|
| അകത്തളം | - | ഉള്ളിലെ മുറി |
| അജണ്ട | - | കാര്യപരിപാടി |
| ആഗോളതാപനം | - | ഭൂമിയുടെ താപനില വർധിക്കൽ |
| ആജ്ഞാപിക്കുക | - | അധികാരത്തോടെ നിർദേശിക്കുക |
| ആർദ്രത | - | ദയ, അലിവ് |
| ഇരുട്ടറ | - | ഇരുട്ടുള്ള മുറി |
| ഉത്സാഹഭരിത | - | ഉത്സാഹം നിറഞ്ഞവൾ |
| ഉയിർപ്പ് | - | ജീവൻ |
| കുത്തിയൊഴുകുക | - | ശക്തമായി ഒഴുകുക |
| കുരുതി | - | നശിപ്പിക്കൽ |
| കൂമ്പാരം | - | കൂന (കൂട്ടിയിട്ടത്) |
| ചമയ്ക്കുക | - | ഉണ്ടാക്കുക |
| ചഷകം | - | പാത്രം |
| ചെറ | - | ജലാശയങ്ങളെ തടഞ്ഞുനിർത്തുന്ന വരമ്പ്, ജലാശയം |
| ചേല് | - | ഭംഗി |
| ജീവിതശൈലി | - | ജീവിതരീതി |
| തല പുകയ്ക്കുക | - | പ്രയാസപ്പെടുക |
| തുളുമ്പുക | - | കവിഞ്ഞ് പുറത്തേക്ക് വീഴുക |
| ദ ഗാർഡിയൻ | - | പ്രശസ്തമായ ഒരു ഇംഗ്ലീഷ് പത്രം |
| ദൈന്യത | - | സങ്കടം, ക്ഷീണം |
| നന്മത്തിരി | - | നന്മയുടെ തിരി |
| പതിയെപ്പതിയെ | - | പതുക്കെപ്പതുക്കെ |
| പരിഹാരം | - | തീർപ്പ് |
| പരിഹാസം | - | കളിയാക്കൽ |
| പരുവം | - | പാകമാകൽ |
| പളുങ്കുപാത്രം | - | ചില്ലുപാത്രം |
| പ്രയത്നം | - | അധ്വാനം |
| പ്രസാദിപ്പിക്കുക | - | സന്തോഷിപ്പിക്കുക |
| പ്രൗഢം | - | ഗംഭീരം |

| | | |
|---|---|---|
| ഭീകരസത്വം | - | പേടിപ്പിക്കുന്ന രൂപം |
| രൗദ്രഭാവം | - | കോപഭാവം |
| ലക്ഷ്യബോധം | - | ലക്ഷ്യത്തെക്കുറിച്ചുള്ള ബോധം |
| വഴിപോക്കർ | - | യാത്രക്കാർ |
| വിലപിക്കുക | - | കരയുക |
| ശകാരം | - | വഴക്ക് പറച്ചിൽ |
| സമസ്തം | - | എല്ലാം |

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***